

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നാവായിക്കുളം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ .ടി വി എം/ജിപി 9/1018/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 29/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നാവായിക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ .ടി വി എം/ജിപി 9/1018/2022 തീയ്യതി: 29/06/2022

തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 52 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ശ്രീജ കെ	ഡെപ്യൂട്ടി ഡയറക്ടർ	23-05-2022	31-05-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
23-05-2022	31-05-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു പി എസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

ശ്രീ അൻവർ രാജ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ശരത് ജെ ശങ്കർ, ഓഡിറ്റർ
ശ്രീ രഞ്ജിത്ത്.സി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ കെ തമ്പി	പ്രസിഡന്റ്	01-04-2020	24-11-2020
അഡ്മിനിസ്ട്രേറ്റീവ് സമിതി	പ്രസിഡന്റ്	25-11-2020	20-12-2020
ശ്രീ ബേബി രവീന്ദ്രൻ	പ്രസിഡന്റ്	21-12-2020	31-03-2021
ശ്രീ ബെൽജിത്ത് ജീവൻ	സെക്രട്ടറി	01-04-2020	18-12-2020
ശ്രീ എം നജീബ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	19-12-2020	17-01-2021
ശ്രീ ബെൽജിത്ത് ജീവൻ	സെക്രട്ടറി	18-01-2021	05-03-2021
ശ്രീ എം നജീബ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	06-03-2021	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ ഷാനിൻ ബാവ	മെഡിക്കൽ ഓഫീസർ, PHC	01-04-2020	31-03-2021
ഡോ സ്മിത എസ്	മെഡിക്കൽ ഓഫീസർ , ആയുർവേദം	01-04-2020	16-02-2021
ഡോ സൈവ വി എസ്	മെഡിക്കൽ ഓഫീസർ , ആയുർവേദം	17-02-2021	31-03-2021
ഡോ ഷീബാറാണി	മെഡിക്കൽ ഓഫീസർ , ഹോമിയോപ്പതി	01-04-2020	31-03-2021
ഡോ അഭിറാം സി എസ്	വെറ്ററിനറി സർജൻ	01-04-2020	21-07-2020
ഡോ എ ബിന്ദു	വെറ്ററിനറി സർജൻ	22-07-2020	31-03-2021
ശ്രീമതി പ്രസന്നകുമാരി അമ്മ	ഹെഡ്മിസ്ട്രസ്സ്	01-04-2020	31-03-2021
ശ്രീ അജു അലക്സ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I	01-04-2020	31-03-2021
ശ്രീ ഷിബു എ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II	01-04-2020	31-03-2021
ശ്രീമതി ആശാറാണി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2020	31-03-2021
ശ്രീമതി ഇന്ദിര	ICDS സൂപ്പർവൈസർ	01-04-2020	31-12-2020
ശ്രീമതി ശ്രീജകുമാരി എ	ICDS സൂപ്പർവൈസർ	01-01-2021	31-03-2021
ശ്രീ എ റഹീം	അസിസ്റ്റന്റ്	01-04-2020	31-05-2020

	എഞ്ചിനിയർ		
ശ്രീമതി ജിജി ജെ	അസിസ്റ്റന്റ് എഞ്ചിനിയർ	01-06-2020	31-03-2021
ശ്രീ സുരേഷ് ഡി	കൃഷി ഓഫീസർ	01-04-2020	31-03-2021
ശ്രീ ബെന്നി മൈക്കിൾ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2020	26-06-2020
ശ്രീ എം നജീബ്	അസിസ്റ്റന്റ് സെക്രട്ടറി	27-06-2020	31-03-2021
ശ്രീമതി നീതസൂസൻ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2020	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	ബജറ്റ് തയ്യാറാക്കൽ നടപടിക്രമം -രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല.	1-1-1
3	അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ.	1-2-1
4	വാർഷിക ധനകാര്യ പത്രിക	1-2
5	ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിലെ ചെലവ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-3-1
6	ഗ്രാന്റ് വിനിയോഗം	1-3
7	പദ്ധതി അവലോകനം	1-4
8	മരണപ്പെട്ടവർക്ക് പെൻഷൻ തുക കൈമാറി.	1-5-1
9	ക്ഷേമ പദ്ധതികൾ	1-5
10	ക്യാഷ് പരിശോധന	1-6
11	തൊഴിലുറപ്പ് പദ്ധതി	1-7
12	വസ്തു നികുതി-വിവിധ അപാകങ്ങൾ	1-8
13	രസീത് പ്രകാരം പിരിച്ചെടുത്ത തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല.	1-9
14	ഉടമ്പടി പത്രം കൃത്യമായി സൂക്ഷിക്കുന്നില്ല.	1-10
15	തൊഴിൽ നികുതി കൃത്യമായി ഈടാക്കിയിട്ടില്ല.	1-11-1
16	കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.	1-11-2
17	കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.	1-11-3
18	തൊഴിൽ നികുതി സംബന്ധമായ അപാകങ്ങൾ.	1-11
19	റേഷൻകടകളിൽ നിന്നും ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല.	1-12
20	ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ പേർക്കും ലൈസൻസ് നൽകിയിട്ടില്ല.	1-13
21	ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.	1-14
22	ഇ-ടെണ്ടർ-ടെണ്ടർഫോറം വില.	1-15
23	ഗുണമേന്മയുള്ള റോഡ് -സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.	1-16
24	സ്പിൽ ഓവർ പദ്ധതികൾ തൻവർഷവും പൂർത്തിയാക്കിയില്ല.	1-17
25	റോഡ് കണക്ടിവിറ്റി പ്ലാൻ, മാപ്പ് എന്നിവ ആധികാരികമല്ല.	1-18
26	പത്രപ്പരസ്യം - പത്രസ്ഥാപനത്തിൽ നിന്നും സർക്കാർ പരസ്യ നിരക്ക് ലഭ്യമാക്കുന്നില്ല.	1-19
27	ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് - രേഖകൾ ഹാജരാക്കിയില്ല -1,39,800/-രൂപ തടസ്സപ്പെടുത്തുന്നു.	1-20
28	തെരുവ് വിളക്ക് വാങ്ങൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല. രേഖകളുടെ അഭാവത്തിൽ 3,32,111/-രൂപ തടസപ്പെടുത്തുന്നു.	1-21

29	തെരുവ് വിളക്ക് പുനരുദ്ധാരണം - രേഖകളുടെ അഭാവത്തിൽ 1,88,700/-രൂപ തടസ്സപ്പെടുത്തുന്നു.	1-22
30	മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - മാനദണ്ഡങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കി.	1-23
31	ഓൺലൈൻ പഠനത്തിനായി ടി.വി വാങ്ങി നൽകൽ -അപാകങ്ങൾ.	1-24
32	കുടിവെള്ള കരം ഒടുക്കൽ - തുക വകയിരുത്താതെ ചെലവ് ചെയ്തു.	1-25
33	വൈദ്യുത ലൈൻ സ്ഥാപിക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.	1-26
34	ഭവന പുനരുദ്ധാരണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ.	1-27
35	ന്യൂലൈഫ് ഭവന പദ്ധതി - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതാണ്.	1-28
36	കിണർ റീചാർജ്ജിംഗ് - വരുമാന പരിധി പരിശോധിക്കാതെ സബ്സിഡി അനുവദിച്ചു -രേഖകളുടെ അഭാവത്തിൽ 1,29,600/-രൂപ തടസപ്പെടുത്തുന്നു.	1-29
37	അങ്കണവാടി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.	1-30
38	വയോജനങ്ങൾക്ക് ആയുർവേദ മരുന്ന് വിതരണം - കരാർ ലംഘനം - പ്രകാരമുള്ള കാലയളവിനു ശേഷം മരുന്ന് ലഭ്യമാക്കുന്നു.	1-31
39	കുറ്റി കുരുമുളക് വാങ്ങിയത് - സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഇല്ല.	1-32
40	തെരുവ് നായ്ക്കളുടെ വർദ്ധനവ് തടയൽ - ധനവിനിയോഗ സാക്ഷ്യപത്രം ഇല്ല.	1-33
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.	4-1
2	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ.	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പ തിരിച്ചടവ്.	4-4
5	സ്ഥിര നിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ.	4-7
8	ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം.	4-8
9	ഓഡിറ്റ് പ്രത്യവലോകനം.	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിൽ 27-03-2020 തീയതിൽ ചേർന്ന ഭരണസമിതി യോഗത്തിലെ തീരുമാനം നം.1 പ്രകാരം 4,38,10,679/-രൂപ മുൻബാക്കിയും, 47,18,50,160/-രൂപ വരവും, 47,00,28,176/-രൂപ ആകെ ചെലവും, 4,56,32,663/-രൂപ നീക്കിയിരിപ്പുമുള്ള ബജറ്റ് അംഗീകരിച്ചു.

1-1-1 ബജറ്റ് തയ്യാറാക്കൽ നടപടിക്രമം -രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല.

ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 214 (1) പ്രകാരം അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് - ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുൻപായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതിന് ഘടകസ്ഥാപനങ്ങളിൽ നിന്നും നോൺപ്ലാൻ വരവ്, ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെട്ടത്, നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിച്ചത് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് എൻകയറി നം. 35 വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 19-11-2019-ലെ ധനകാര്യകമ്മിറ്റിയുടെ തീരുമാനം(1) പ്രകാരം പ്രൊപ്പോസൽ ആവശ്യപ്പെടുകയും പ്രൊപ്പോസൽ ലഭ്യമായത് പ്രകാരം തുക വകയിരുത്തുകയും ചെയ്തിട്ടുള്ളതായി മറുപടി അറിയിച്ചിട്ടുണ്ടെങ്കിലും ആയത് സാധൂകരിക്കുന്ന അനുബന്ധ രേഖകളുടെ അഭാവത്തിൽ മറുപടി അംഗീകരിക്കാവുന്നതല്ല. ബജറ്റ് തയ്യാറാക്കുമ്പോൾ പഞ്ചായത്ത്രാജ് നിയമപ്രകാരമുള്ള നിർദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതും പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ ക്രിയാത്മകമായ നിർദേശങ്ങൾ കൂടി ഉൾപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

1-2-1 അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ.

1) വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

2) അക്കൗണ്ടുകളിന്മേലുള്ള വാർഷിക അനുപാതങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) ആസ്തികൾക്ക് 2020-21 സാമ്പത്തിക വർഷം ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	എ.എഫ്.എസ് ഹെഡ് കോഡ്	ഇനം	2019-2020 വർഷത്തെ ബാലൻഷിറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ്	2020-21 വർഷത്തെ ബാലൻഷിറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ്
1	410200101	Building- Markets	1094724.00	1094724.00
2	410300301	Culverts	739507.00	739507.00
3	410400101	Drinking Water-Sources (Open Wells, Bore Wells, Tube Wells, Tanks	542847.00	542847.00

		Etc.)		
4	410500101	Irrigation – Sources (Wells, Check Dams, Lift Irrigation Etc.)	100000.00	100000.00

4) 2019-2020, 2020-21 വർഷത്തെ AFS പരിശോധിച്ചതിൽ ചുവടെപ്പറയുന്ന തുകകൾ ചെലവഴിക്കാതെ ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നു.

ക്രമ നം.	എ.എഫ്.എസ് ഹെഡ് കോഡ്	ഇനം	2019-2020 വർഷത്തെ ബാലൻഷിറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ്	2020-21 വർഷത്തെ ബാലൻഷിറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ്
1	320100116	Centrally Sponsored Scheme-SSA	36146.00	36146.00
2	320100204	Grants, Funds & Contributions For Specific Purposes- Other Central Government Grants-Local Area D	44192.00	44192.00
3	320200305	Grants, Funds & Contributions For Specific Purposes- Other Than Development Fund And StatevSponsore	635023.00	635023.00
4	320200307	Grants, Funds & Contributions For Specific Purposes- Other Than Development Fund And StatevSponsore	12500.00	12500.00
5	320700205	Contributions For Joint Venture Projects (For Revenue Expenditure)- From District Panchayats	177196.00	177196.00

പ്രസ്തുത തുകകൾ പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവ് ചെയ്യാതെ നിലനിർത്തിയിരിക്കുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

5) 2020-21 വർഷം ഗുണഭോക്തൃ വിഹിതത്തിൽ അവശേഷിച്ച 2260/-രൂപ നാളിതുവരെ ഗുണഭോക്താക്കൾക്ക് തിരികെ നൽകിയിട്ടില്ല. ഗുണഭോക്തൃ വിഹിതം നീക്കിയിരിപ്പിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

6) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Total Cash Generated തുകയും (5,57,23,140.00) രൂപ Net Increase / Decrease In Cash And Cash Equivalents-ലെ തുകയും (5,83,15,428.00) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

7) ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക (-Ve) രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

Date	Description	Debit	Credit
26-05-2022	Opening Balance	19289	
	Receipt	889	
	Payment		23333
	Closing Balance	-3155	

27-05-2022	Opening Balance	-3155	
	Receipt	2851	
	Payment		889
	Closing Balance	-1193	

30-5-2020 വരെ ഇത്തരത്തിൽ നീക്കിയിരിപ്പ് തുക (-Ve) രേഖപ്പെടുത്തിയിരിക്കുന്നു.

8) വാർഷിക ധനകാര്യപത്രികയിലെ ചുവടെ പറയുന്ന തുകകൾ മുൻ വർഷത്തെ ബാലൻസ് ഷീറ്റിലും ഉൾപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക വർഷവും ചെലവ് ചെയ്തിട്ടില്ലാത്ത ഈ തുകകൾ സംബന്ധമായ വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഹെഡ് കോഡ്	ഇനം	2020-21 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ്
340200102	Auction Deposit	86690
340800101	Deposit Received From Others	5870

കാലഹരണപ്പെട്ടിട്ടുള്ള തുകകൾ ഉണ്ടെങ്കിൽ ആയത് തനത് ഫണ്ടിലേക്ക് വകയിരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) വാർഷിക ധനകാര്യപത്രിക പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ നികുതിയിനത്തിൽ അടവാക്കാൻ അവശേഷിച്ചിരുന്ന തുകകൾ 2020-21 സാമ്പത്തിക വർഷത്തിലും അടവാക്കിയിട്ടില്ല.

ക്രമ നം.	എ.എഫ്.എസ് ഹെഡ് കോഡ്	ഇനം	2019-20, 2020-21 വർഷങ്ങളിൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ്
1	350300103	Government And Other Dues Payable- Value Added Tax	6564
2	350300104	Government And Other Dues Payable- Service Tax	744

നികുതി സർക്കാരിലേക്ക് അടവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

10) പഞ്ചായത്തിന്റെ ലേല രജിസ്റ്ററിലെ മാർക്കറ്റ് ലേലവുമായി ബന്ധപ്പെട്ട ഡിമാൻഡ്- കളക്ഷൻ- ബാലൻസ് സംക്ഷിപ്തം പ്രകാരം ടി സാമ്പത്തിക വർഷത്തിലെ ഡിമാന്റ് 5,52,100/-രൂപയാണ്. എന്നാൽ Income & Expenditure പത്രിക പ്രകാരം Market Receipts എന്ന ഹെഡിൽ വരവിനത്തിൽ 6,00,890/- രൂപ ലഭ്യമായിട്ടുണ്ട്. ടി വ്യത്യാസത്തിന് കാരണം വ്യക്തമാക്കിയിട്ടില്ല.
മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം. 15, 30 എന്നിവയ്ക്ക് മറുപടി നൽകിയിട്ടില്ല.

11) നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ വാർഷിക ധനകാര്യ പത്രിക പ്രകാരം HUDCO വായ്പ ഇനത്തിൽ തൻവർഷം ലഭിച്ച തുക 64,05,032/- രൂപയാണ്. എന്നാൽ ഹാജരാക്കിയ HUDCO വായ്പാ രജിസ്റ്ററിൽ 2020-21 കാലയളവിൽ തവണകളായി നിർവ്വഹണോദ്യോസ്ഥന് കൈമാറിയിട്ടുള്ള തുക 65,05,032/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുക 64,15,032/-രൂപയാണ്. തുകകളിലെ വ്യത്യാസത്തിന് കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം.39 നു മറുപടി ലഭ്യമാക്കിയിട്ടില്ല.

12) വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി മുൻകൂറായി കെ.എസ്.ഇ.ബി, പൊതുമരാമത്ത് വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് മുൻ വർഷവും തനത് വർഷവും ഡെപ്പോസിറ്റ് തുകകൾ കൈമാറിയിട്ടുണ്ട്. ആയവയുടെ ചെലവ് സംബന്ധിച്ച ധനവിനിയോഗ സാക്ഷ്യപത്രം ഫയലിൽ

വാങ്ങി സൂക്ഷിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവഹണ ഏജൻസി	മുൻ ബാക്കി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക
		2020-21	
കെ.എസ്.ഇ.ബി	1555993	പാലവിള- പുലിവേലിക്കോണം ഭാഗത്ത് സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ	75030
കേരള വാട്ടർ അതോറിറ്റി	2394278	-	0
ഭൂജല വകുപ്പ്	3024712	പട്ടിക ജാതി കോളനികളിൽ കുടിവെള്ള പദ്ധതി	4893255
പൊതു മരാമത്ത് വകുപ്പ്.	1740000	-	0

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറി നം.11 നു മറുപടിയായി പാലവിള – പുൽവേലിക്കോണം ഭാഗത്ത് സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ എന്ന പ്രോജക്ടിന്റെയും പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതി എന്ന പദ്ധതിയുടെയും ധനവിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് ആയത് ഹാജരാക്കുന്നതാണെന്നും മുൻബാക്കി സംബന്ധിച്ച് ടി ആഫീസുകളിലേക്ക് കത്ത് നൽകുന്നതിനും ബാലൻസ് തുക തിരിച്ചടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

1-2 വാർഷിക ധനകാര്യ പത്രിക

വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31.07.2021	16.07.2021

1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിലെ ചെലവ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിലെ വികസന ഫണ്ടിന്റെ ചെലവ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഫണ്ട്	GRANT STATEMENT പ്രാകാരമുള്ള ചെലവ്	ACR പ്രാകാരമുള്ള ചെലവ്
1	വികസന ഫണ്ട്- ജനറൽ	2,23,24,026/-	1,80,69,717/-
2	വികസന ഫണ്ട്- എസ്.സി.പി	12,07,01,960/-	1,05,47,646/-

തുകകളിലെ വ്യത്യാസത്തിന് കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി നം.21-നു മറുപടി അറിയിച്ചിട്ടില്ല. അടിയന്തരമായി പൊരുത്തക്കേട് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് .

1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്

വികസനഫണ്ട് (ജനറൽ)	0	19263816	19263816	22324026*A	-3060210
വികസനഫണ്ട്(എസ്.സി.പി)	0	14629686	14629686	12701960*B	1927726
വികസനഫണ്ട് (ടി.എസ്.പി)	0	0	0	0	0
CFC(tied)	0	9160000	9160000	1212275	7947725
CFC(untied)	0	20129033	20129033	10150349	9978684
Maintenance Fund (Non Road)	0	7336042	7336042	5744685	1591357
Maintenance Fund (Road)	0	10252000	10252000	6403065	3848935
CSS	0	0	0	5900706	-5900706
SSS	0	0	0	7438196	-7438196

*A) ACR പ്രകാരമുള്ള ചെലവ് 1,80,69,717/- രൂപയാണ്.

*B) ACR പ്രകാരമുള്ള ചെലവ് 1,05,47,646/- രൂപയാണ്.
ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് (വികസനഫണ്ട്) -Ve തുകകളായതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. CSS, SSI വരവുകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-4 പദ്ധതി അവലോകനം

സ.ഉ.(കൈ) നം.11/2018/ത.സ്വ.ഭ.വ, തീയതി 29.01.2018 ഖണ്ഡിക 3.1.1(ബി) പ്രകാരം പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക, സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളെയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിക്ക് റിപ്പോർട്ട് നൽകുക തുടങ്ങി നിരവധി ചുമതലകൾ ആസൂത്രണസമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. ആസൂത്രണസമിതിയുടെ മിനുട്സ് പരിശോധിച്ചതിൽ വ്യക്തമായ രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല. ആകയാൽ സമിതി അതിന്റെ കടമകൾ നിർവ്വഹിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കാനായിട്ടില്ല.

സ.ഉ(കൈ) നം.11/2018/ത.സ്വ.ഭ.വ, തീയതി 29.01.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്ന് നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്കുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ രണ്ടു ദിവസം മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നതായി കാണുന്നത്. പ്രസ്തുത മീറ്റിംഗുകളിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക 3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻ വാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവു കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിച്ചതായി രേഖയില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഈ നടപടിക്രമവും പാലിക്കപ്പെട്ടിട്ടില്ല.

സ.ഉ(കൈ) നം.11/2018/ത.സ്വ.ഭ.വ, തീ.തി 29.01.2018 ഖണ്ഡിക 3.2.1(1) പ്രാദേശിക ആസൂത്രണത്തിന്റെ ജീവനാഡി ജനപങ്കാളിത്തമാണ്. മിനിട്സ് പരിശോധിച്ചതിൽ

പ്രോജക്ടുകളുടെ മുൻഗണന നിർണ്ണയിച്ചതായി കാണുന്നില്ല.

പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന് മുന്നോടിയായി മേഖലാവിഭജന നിബന്ധനകളുടെ അടിസ്ഥാനത്തിൽ ഓരോ മേഖലയിലും വകയിരുത്തേണ്ട തുക, അനിവാര്യമായ ഇനങ്ങൾക്കും വിഭാഗങ്ങൾക്കും വകയിരുത്തേണ്ട തുക എന്നിവ സംബന്ധിച്ച ശുപാർശ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും നൽകേണ്ടതും അവ പരിശോധിച്ച് മേഖല, ഉപമേഖലാ വിഹിതങ്ങൾ സംബന്ധിച്ച അന്തിമ തീരുമാനം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയിന്മേൽ ഭരണസമിതി കൈക്കൊള്ളേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളെ സംബന്ധിച്ച ശുപാർശകൾ നല്കിയിട്ടുണ്ടെങ്കിലും മേഖലാ വിഭജനം, അനിവാര്യവകയിരുത്തൽ എന്നിവ പരിശോധിച്ച ശേഷമാണോ ശുപാർശകൾ നൽകിയിട്ടുള്ളതെന്ന് വ്യക്തമല്ല.

വികസന സെമിനാറിന്റെ മിനിട്സ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ അടങ്കൽ തുക 23,71,99,670/- രൂപയും ചെലവ് 11,65,61,237/- രൂപയുമാണ്. അതായത് ആകെ പദ്ധതിച്ചെലവിന്റെ 49.14% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്.

മേഖല അടിസ്ഥാനത്തിലുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	മേഖല	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ശതമാനം
പൊതു വിഭാഗം	ഉല്പാദനം	23919943	10652552	44.5
	സേവനം	71085760	35394374	49.8
	പശ്ചാത്തലം	49507709	32431098	65.5
പട്ടിക ജാതി വിഭാഗം	ഉല്പാദനം	1396500	371800	26.62
	സേവനം	90692857	37520554	41.3
	പശ്ചാത്തലം	596901	190859	32

1-5-1 മരണപ്പെട്ടവർക്ക് പെൻഷൻ തുക കൈമാറി.

നാവായിക്കുളം പഞ്ചായത്തിലെ ഏതാനും ചില മരണ രജിസ്ട്രേഷൻ അപേക്ഷകൾ സേവന സോഫ്റ്റ്വെയറിൽ പരിശോധിച്ചതിൽ പെൻഷൻ വാങ്ങിയിരുന്ന വ്യക്തികൾക്ക് മരണപ്പെട്ടതിന് ശേഷവും പെൻഷൻ നല്കിയിരിക്കുന്നതായി കണ്ടെത്തി. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പെൻഷനറുടെ പേര	പെൻഷൻ ഐ ഡി	പെൻഷൻ ഇനം	മരണപ്പെട്ട തീയതി	ഏതു മാസം വരെ പെൻഷൻ നൽകിയിരിക്കുന്നു	അധികമായി നൽകിയ തുക
1	ഫാത്തി മുത്ത്	102380201871	ഇന്ദിരാഗ്രാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	21-11-2020	April-2021	**7600**
2	അബ്ദുൽ ഹക്കിം	102380201605	ഇന്ദിരാഗ്രാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	07-12-2020	May-2022	**26900**
3	അബ്ദുൽഅസീസ്	102380200778	ഇന്ദിരാഗ്രാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	10-11-2020	January-2021	**3000**
4	ഉണ്ണികൃഷ്ണൻ	102380201207	ഇന്ദിരാഗ്രാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	26-08-422020	November-2020	**4500**

5	അസുമാബീവി	102380202483	ഇന്ദിരാഗ്രാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	28-08-2020	May-2022	600x21= **12600**
6	രാജേന്ദ്രൻ	102380201986	ഇന്ദിരാഗ്രാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	08-10-2020	May-2022	**29700**
7	രാമചന്ദ്രകുറുപ്പ്.ജെ	102380203142	ഇന്ദിരാഗ്രാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	25-10-2020	January-2021	**4300**
8	അശോകൻ എസ് കെ	102380205031	ഇന്ദിരാഗ്രാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	2-09-2020	May-2022	**31100**
9	കമലാക്ഷിഅമ്മ	102380601527	ഇന്ദിരാഗ്രാന്ധി ദേശീയ വിധവ പെൻഷൻ സ്കീം	20-08-2020	മെയ് 2022	**12600**
10	കൊച്ചുപാർവ്വതി	102380202319	ഇന്ദിരാഗ്രാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	30-07-2020	മെയ് 2022	**34400**
11	കുഞ്ഞപ്പി	102380204274	ഇന്ദിരാഗ്രാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	28-07-2020	December-2020+ May 2022 *	600x6= **3600**
12	ഭവാനി	102380200285	ഇന്ദിരാഗ്രാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	14-07-2020	May-2022	**34400**
13	മീനാക്ഷി	102710200235	ഇന്ദിരാഗ്രാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	14-06-2020	മെയ് 2022	**35900**
14	ഷാനിഫ ബീവി എ	102380205289	ഇന്ദിരാഗ്രാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	24-06-2020	October-2020+ May 2022 *	**7000**
15	സാവിത്രി	102380200905	ഇന്ദിരാഗ്രാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	17-06-2020	01/05/22	**35900**
					ആകെ	**2,83,500/-**

Data As On 30-05-2022

.ക്രമ നം.2 , 5, 6, 8, 9 , 10, 12, 13-ലെ ഗുണഭോക്താവിന്റെ പെൻഷൻ തുക 2022 ഏപ്രിൽ മാസം വരെ ടി വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. 2022 മേയ് മാസത്തെ തുക ബാങ്കിനു കൈമാറി എന്നാണ് സേവന സോഫ്റ്റ്വെയറിൽ ലഭ്യമായ വിവരം .

.ക്രമ നം.11-ലെ ഗുണഭോക്താവിന്റെ പെൻഷൻ സ്റ്റാറ്റസ് നിലവിൽ ആക്ടീവ് ആണ്. 2021 ജാനുവരി മുതൽ 2022 ഏപ്രിൽ വരെ തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല. 2022 മേയ് മാസത്തെ തുക ബാങ്കിനു കൈമാറി എന്നാണ് സേവന സോഫ്റ്റ്വെയറിൽ ലഭ്യമായ വിവരം.

.ക്രമ നം.14-ലെ ഗുണഭോക്താവിന്റെ പെൻഷൻ സ്റ്റാറ്റസ് നിലവിൽ ആക്ടീവ് ആണ്. 2020 നവംബർ മുതൽ 2022 ഏപ്രിൽ വരെ തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല. 2022 മേയ് മാസത്തെ തുക ബാങ്കിനു കൈമാറി എന്നാണ് സേവന സോഫ്റ്റ്വെയറിൽ ലഭ്യമായ വിവരം.

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ധനകാര്യവകുപ്പിന്റെ 05.11.20-ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും

ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ഈടാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 44) ക്രമ നം 1,3,4,7 എന്നീ ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്തതിന് ശേഷം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്- ന്റെ അക്കൗണ്ടിലേക്ക് അധികമായി നൽകിയ തുക തിരികെ അടവാക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നും ബാക്കി ഗുണഭോക്താക്കളുടെ പെൻഷൻ തുക ടി അക്കൗണ്ടിലേക്ക് അടവാക്കാൻ ബാങ്കുകൾക്ക് കത്ത് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അധികമായി നൽകിയിട്ടുള്ള തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുക. മരണപ്പെട്ട മുഴുവൻ ഗുണഭോക്താക്കളുടെയും പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-5 ക്ഷേമ പദ്ധതികൾ

2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം. (സ്ഥാപനം ലഭ്യമാക്കിയ വിവരങ്ങൾ).

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	64800	92
കർഷക തൊഴിലാളി പെൻഷൻ	6219600	249
വിധവാ പെൻഷൻ	37991500	1841
വാർധക്യകാല പെൻഷൻ	81298900	3793
വികലാംഗ പെൻഷൻ	11002400	485
വിവാഹ ധനസഹായം	180000	6
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	377100	20

1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-05-2022-ാം തീയതിയിൽ 03.15 PM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 44,917/-രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-7 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്

ഭരണചെലവുകൾ	9439	1425737	1435176	1405995	29181
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	55629000	55629000	5562900	0
ആകെ	**9439**	**57054737**	**57064176**	**6968895**	**29181**

എം.എൻ.ആർ.ഇ.ജി.എസ് - ഫയൽ സൂക്ഷിപ്പിലെയും പദ്ധതി നടത്തിപ്പിലെയും അപാകങ്ങൾ.

2020-21 വർഷത്തെ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകളിൽ എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ പ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നില്ല. ഉദാഹരണമായി 2020-21 വർഷത്തെ ആദ്യ 5 ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)

വർക്ക് കോഡ്	1614003005/IF/432321
പ്രവൃത്തിയുടെ പേര്	തൊഴുത്ത് നിർമ്മാണം-ഷറഫുദ്ദീൻ വാർഡ് 02
എം.ബുക്ക് നം	147/19-20
ചെലവ് തുക	92506/-

അപാകങ്ങൾ

1)2020-21 വർഷത്തെ എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ പ്രകാരം ഫയലിൽ സൂക്ഷിക്കേണ്ട രേഖകളായ പ്രവൃത്തി നടത്തിപ്പിലെ മൂന്ന് ഘട്ടങ്ങളിലെ ഫോട്ടോ, പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റും സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സൈറ്റ് ഡയറിയും സൂക്ഷിച്ചിട്ടില്ല.

2)15147,48,55,56,15850,51,76,77 എന്നീ നമ്പർ മസ്റ്റർ റോളിൽ തൊഴിലാളികൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മസ്റ്റർ റോൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3)മെറ്റീരിയൽ വാങ്ങിയ ഇനത്തിൽ എം.ബുക്ക് പ്രകാരം 64,544/-രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ മെറ്റീരിയിൽ വാങ്ങിയ ഇൻവോയ്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

B)

വർക്ക് കോഡ്	1614003005/IF/435664
പ്രവൃത്തിയുടെ പേര്	തൊഴുത്ത് നിർമ്മാണം-ഷറഫുദ്ദീൻ വാർഡ് 04 നാസറുദ്ദീൻ
എം.ബുക്ക് നം	03/20-21
ചെലവ് തുക	74036/-

അപാകങ്ങൾ

1)2020-21 വർഷത്തെ എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ പ്രകാരം ഫയലിൽ സൂക്ഷിക്കേണ്ട രേഖകളായ പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റും സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സൈറ്റ് ഡയറിയും സൂക്ഷിച്ചിട്ടില്ല.

2)പ്രവൃത്തിയ്ക്കായി അനുവദിച്ച മസ്റ്റർ റോളിൽ തൊഴിലാളികൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

3)മെറ്റീരിയൽ വാങ്ങിയ ഇനത്തിൽ എം.ബുക്ക് പ്രകാരം 48,779/-രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ മെറ്റീരിയിൽ വാങ്ങിയവയുടെ ജി.എസ്.ടി ഇൻവോയ്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

C)

വർക്ക് കോഡ്	1614003005/RC/325780

പ്രവൃത്തിയുടെ പേര്	മുക്കുകട കുണ്ടൂർക്കോണം ഏലാറോഡ് നിർമ്മാണം റീച്ച് 1
എം.ബുക്ക് നം	205/20-21
ചെലവ് തുക	480301/-

1)മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് 4500m^2 കയർഭൂവസ്ത്രം കയർഫെഡിൽ നിന്നും 29.06.2020, 22.02.2021 തീയതികളിൽ വാങ്ങിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിതരണ വിവരവും നീക്കിയിരിപ്പ് വിവരവും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2)27306 നമ്പർ മസ്റ്റർ റോളിൽ 01.12.2020 മുതൽ 06.10.2020 വരെയുള്ള തീയതികളിൽ ക്രമ നം.7 ശ്രീമതി.ഓമന എന്ന തൊഴിലാളിയുടെയും 27309 നമ്പർ മസ്റ്റർ റോളിൽ 01.12.2020 മുതൽ 06.10.2020 വരെയുള്ള തീയതികളിൽ ക്രമ നം.2 ശ്രീമതി.ഡെയ്സി എന്ന തൊഴിലാളിയുടെയും ഹാജർ രേഖപ്പെടുത്തിയതിൽ തിരുത്തൽ വരുത്തിയിട്ടുണ്ട്. തൊഴിലാളികൾ ദിവസവും 2 ഒപ്പ് രേഖപ്പെടുത്തണമെന്ന വ്യവസ്ഥ മേൽ പ്രോജക്ടുകളിൽ പാലിച്ചിട്ടില്ല. കൂടാതെ മസ്റ്റർ റോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം.41/30.05.2022-ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ ആവർത്തിക്കാതരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

1-8 വസ്തു നികുതി-വിവിധ അപാകങ്ങൾ

1)നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ്വെയറിൽ ഗ്രാമപഞ്ചായത്തിലെ 4-ാം വാർഡിലെ ആദ്യ 500 കെട്ടിടങ്ങളും 5-ാം വാർഡും മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവര ഡിമാന്റ് ചെയ്യുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

ക്രമ നം	വാർഡ്/ കെട്ടിട.നം	ഉടമയുടെ പേര്	കെട്ടിടത്തിന്റെ ഉപയോഗക്രമം	വിസ്തീർണ്ണം
1	5/130	അബ്ദുൾ ലത്തീഫ്	പാർപ്പിടം	200 M^2
2	5/138	മുഹമ്മദ് ഇസ്മയിൽ	പാർപ്പിടം	75 M^2
3	5/201	അബ്ദുൾ ഹക്കീം	പാർപ്പിടം	200 M^2
4	5/248	മുഹമ്മദ് മുസ്തഫ	പാർപ്പിടം	70 M^2
5	5/324	ജലീല	പാർപ്പിടം	70 M^2
6	5/345	വസുമതി അമ്മ	പാർപ്പിടം	100 M^2
7	5/376	രാധാമണി അമ്മ	പാർപ്പിടം	70 M^2
8	5/389	രാമചന്ദ്രൻ	പാർപ്പിടം	100 M^2
9	5/421	ബാലകൃഷ്ണൻ	പാർപ്പിടം	260 M^2
10	5/425	പത്മാവതി	പാർപ്പിടം	80 M^2

11	5/426	പത്മാവതി	പാർപ്പിടം	70 M^2
12	5/441	നിഷ്താർ	പാർപ്പിടം	120 M^2
13	5/501	ഷജീർ	പാർപ്പിടം	250 M^2
14	5/503	ഷജീർ	പാർപ്പിടം	80 M^2
15	5/513	ജയശ്രീ	പാർപ്പിടം	100 M^2
16	5/731	മായ	പാർപ്പിടം	80 M^2
17	4/33	അബ്ദുൾ സലാം	പാർപ്പിടം	73 M^2
18	4/54	മുംതാസ്	പാർപ്പിടം	79 M^2
19	4/151	സിനി	പാർപ്പിടം	80 M^2
20	4/186 A	മുഹമ്മദ് കുഞ്ഞ്	പാർപ്പിടം	65 M^2
21	4/249	അബീം	പാർപ്പിടം	70 M^2
22	4/250	സലാഹുദ്ദീൻ	പാർപ്പിടം	91 M^2
23	4/254	നസീർ	പാർപ്പിടം	70 M^2
24	4/320	ഷാഹുൽ	പാർപ്പിടം	102 M^2
25	4/346	മുഹമ്മദ്ദ് ഇല്യാസ്	പാർപ്പിടം	93 M^2
26	4/412	ഓമനകുട്ടി	പാർപ്പിടം	112 M^2
27	4/445	ദേവകി അമ്മ	പാർപ്പിടം	70 M^2
28	4/485	സുലൈമാൻ	പാർപ്പിടം	145 M^2
29	4/488	ഷറഫുദ്ദീൻ	പാർപ്പിടം	90 M^2

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 01/23.05.2022-ന് ലഭിച്ച മറുപടിയിൽ പരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൽ പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2)നികുതി ഡിമാന്റ് ചെയ്യാതെ വസ്തു നികുതി പിരിച്ചെടുത്തു.

സഞ്ചയ സോഫ്റ്റ്വെയറിൽ 2,4,9 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യാതെ നികുതി പരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നിലനിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്(ഡിമാന്റ് തുക 0). വിശദാംശം ചുവടെ.

ക്രമ നം.	വാർഡ്/ കെട്ടിട.നം	ഉടമയുടെ പേര്	കെട്ടിടത്തിന്റെ ഉപയോഗക്രമം	വിസ്തീർണ്ണം	നാളിതുവരെ പിരിച്ചെടുത്ത തുക
1	4/521	ഷംസുദ്ദീൻ	പാർപ്പിടം	246 M^2	7752
2	4/614	നബീസ ബീവി	പാർപ്പിടം	130 M^2	3044
3	4/501	ഹനീഫ	പാർപ്പിടം	147 M^2	1702
4	4/655	ജാസ്മിൻ	പാർപ്പിടം	110 M^2	1274
5	4/250	സലാഹുദ്ദീൻ	പാർപ്പിടം	91 M^2	864
6	2/139	തുളസീധരൻപിള്ള	പാർപ്പിടം	230 M^2	6040
7	2/194	ഷെരീഫ്	പാർപ്പിടം	200 M^2	4336
8	2/582	അബ്ദുൾ ജലീൽ	പാർപ്പിടം	130 M^2	923
9	9/28	ബേബി അമ്മ	പാർപ്പിടം	190 M^2	3990
10	9/349	അമീറുദ്ദീൻ	പാർപ്പിടം	30 M^2	3552

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 02/23.05.2022 ന് ലഭിച്ച മറുപടിയിൽ പരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3)സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല.

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, വകുപ്പ് 207 പ്രകാരം വിവിധ സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെയും നികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡ്/ കെട്ടിട.നം	ഉടമയുടെ പേര്	ഉപയോഗക്രമം	കെട്ടിടത്തിന് നൽകിയ ഇളവ്
1	12/102	റോസ് ഡേൽ സ്കൂൾ	അൺ എയ്ഡഡ് വിദ്യാഭ്യാസം	വിദ്യാഭ്യാസ സ്ഥാപനം-സർക്കാർ (സെ. 207 (1 (ബി)) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ
2	12/104	റോസ് ഡേൽ സ്കൂൾ	അൺ എയ്ഡഡ് വിദ്യാഭ്യാസം	വിദ്യാഭ്യാസ സ്ഥാപനം-സർക്കാർ (സെ. 207 (1 (ബി)) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 05/23.05.2022-ന് ലഭിച്ച മറുപടിയിൽ പരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ:നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4)വാണിജ്യ കെട്ടിടത്തിന് തെറ്റായ നികുതി നിർണയം നടത്തി.

2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. 100 മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ളഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 60/- രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതി 40/- രൂപ നിരക്കിൽ ഈടാക്കിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നമ്പർ	ഉടമയുടെ പേര്	ഉപയോഗക്രമം	വിസ്തീർണ്ണം
1	12/93 A	നൗഷാദ്	ഷോപ്പ്	160 M^2
2	17/579 A	കണ്ണൻ	ഷോപ്പ്	190.98 M^2
3	22/284 A	ഗീത	ഷോപ്പ്	140.12 M^2
4	12/318	മണിലാൽ	റസ്റ്റോറന്റ്	655 M^2
5	12/319	മണിലാൽ	റസ്റ്റോറന്റ്	980 M^2
6	12/320	മണിലാൽ	റസ്റ്റോറന്റ്	333 M^2

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 03/23.05.2022-ന് ലഭിച്ച മറുപടിയിൽ സഞ്ചയയിലെ മേൽ അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ:നിർണയിച്ച് കുടിശ്ശിക തുക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5)അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത.

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ, തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം

വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു.

ജി.ഒ(എം.എസ്).144/15/തസ്വഭവ, തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ, തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ (4, 5 വാർഡുകൾ).

ക്രമ നം	വാർഡ്/ കെട്ടിട.നം	പേര് /വിലാസം
1	4/669	ഓമന, സുനിത ഭവൻ
	4/669 B	
2	4/110a	നസീമ ബീവി, റഫീക്ക് മൻസിൽ
	4/110 B	
3	4/580 B	ശാന്ത, പാറവിള വീട്
	4/580 C	
4	5/121	മുഹമ്മദ് മുസ്തുഫ, മുക്ക് കട വീട
	5/122	
5	5/459a	പ്രസാദ്, സുനിത, പ്രജിത ഭവൻ
	5/459 B	

B)കെട്ടിട ഉടമകൾ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല.

ജി.ഒ(എം.എസ്).358/15/തസ്വഭവ, തീ. 16.12.2015 ഉത്തരവ് പ്രകാരം സമർപ്പിക്കേണ്ട സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഇത്തരത്തിൽ രേഖപ്പെടുത്തിയ കെട്ടിടങ്ങൾ ചുവടെ ചേർക്കുന്നു.

WardNO	DoorNo	SubNo	OwnerName
4	113	A	Arathy
4	470	B	M. Ibrahimkunju
4	559	A	Lalitha
9	85	B	Sathamma
9	556	A	Rafeela Beevi
10	244	A	Naseema Beevi, Jasmine, Jinsa
10	422	A	Vimala
15	217	A	Vijukumar
16	64		SANTHA
17	130		K Babu
17	194	A	Lekshmi
18	147	A	Sudha
18	325	A	Sunil.P
19	608	A	Santhakumary
19	642		Kamalamma
21	190	B	Babu Saraswathy

21	410	B	Radha Bhai
22	171	B	Ratheesh
22	449	A	Abdul Karim

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 06/23.05.2022-ന് ലഭിച്ച മറുപടിയിൽ പരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടാണ്.

6)കെട്ടിടങ്ങൾക്ക് തെറ്റായ കാലപ്പഴക്കം രേഖപ്പെടുത്തി ഇളവ് അനുവദിച്ചു.

2011-ലെ കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6 ,2013-ലെ കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേതഗതി ചട്ടങ്ങൾ, ചട്ടം 2(2)(iv)പ്രകാരം കെട്ടിടത്തിന്റെ കാലപ്പഴക്കം പരിഗണിച്ച് 10 വർഷം മുതൽ 25 വർഷത്തിന് താഴെ പഴക്കമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 10% ഇളവും 25 വർഷം മുതൽ 50 വർഷത്തിന് താഴെ പഴക്കമുള്ള കെട്ടിടങ്ങൾക്ക് 20% ഇളവും 50 വർഷമോ അതിൽ കൂടുതലോ പഴക്കമുള്ള കെട്ടിടങ്ങൾക്ക് 50% ഇളവും അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് തെറ്റായ കാലപ്പഴക്കം രേഖപ്പെടുത്തി നികുതി ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡ്/ കെട്ടിട.നം	ഉടമയുടെ പേര്	ഉപയോഗ ക്രമം	വിസ്തീർണ്ണം	കെട്ടിടത്തിന്റെ നികുതി നിർണയിച്ചത്	സഞ്ചയയിൽ രേഖപ്പെടുത്തിയ കാലപ്പഴക്കം
1	19/217	അജീഷ്	പാർപ്പിടം	67.94 M^2	2019 ഒന്നാം അർദ്ധ വർഷം മുതൽ	27 വർഷം
2	18/364	അനിൽ കുമർ / രമ്യ.ആർ.എസ്	പാർപ്പിടം	98.57 M^2	2018 ഒന്നാം അർദ്ധ വർഷം മുതൽ	10 വർഷം
3	21/416 A	അംബിക	പാർപ്പിടം	58.6 M^2	2021 ഒന്നാം അർദ്ധ വർഷം മുതൽ	20 വർഷം

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 08/25.05.2022-ന് ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി സഞ്ചയയിൽ രേഖപ്പെടുത്തിയ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടാണ്.

7)കെട്ടിടങ്ങളുടെ ഇളവ് രേഖപ്പെടുത്തിയതിൽ അപാകത.

A)സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ വിവിധ കെട്ടിടങ്ങൾക്ക് തെറ്റായ ഇളവ് വ്യവസ്ഥകൾ രേഖപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വാർഡ്/ കെട്ടിട.നം	ഉടമയുടെ പേര്	വിസ്തീർണം	കെട്ടിടത്തിന്റെ ഉപയോഗക്രമം	സഞ്ചയയിലെ ഇളവ്
1	9/624	ഷാനവാസ്	15 M^2	ഷോപ്പിംഗ് മാൾ	സർക്കാരോ അർദ്ധ സർക്കാർ സ്ഥാപനങ്ങളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ സൗജന്യമായി നിർമ്മിച്ചുകൊടുത്ത വാസഗൃഹം (സെ. 207 (1 (ജെ))
2	10/284	മുഹമ്മദ് ഹനീഫ	15 M^2	സ്റ്റോറേജ് ഷെഡ്	
3	10/285	മുഹമ്മദ് കണ്ണ്	15 M^2	ഇതര വ്യവസായം	
4	12/307	അബ്ദുൽ നാസർ	18 M^2	ഷോപ്പുകൾ	വിദ്യാഭ്യാസ സ്ഥാപനം-എയിഡഡ് (സെ. 207(1 (ബി)) -

					വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ

B)സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ വാണിജ്യകെട്ടിടങ്ങൾക്കും വാസഗൃഹങ്ങൾക്കും "കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള ഭരണഘടനയുടെ 285 അനുഛേദം അനുസരിച്ച് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടം" എന്ന് തെറ്റായ ഇളവ് രേഖപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. (വാർഡ് 8 , വാർഡ് 11-ലെ 500 വരെയുള്ള കെട്ടിടങ്ങൾ).

ക്രമ നം.	വാർഡ് നം.	കെട്ടിട നം.	സബ് നം.	ഉടമയുടെ പേര്	കെട്ടിടത്തിന്റെ ഉപയോഗക്രമം
1	8	293	A	ഷാജഹാൻ	വാണിജ്യാവശ്യം
2	11	212	A	ബഷീർ	പാർപ്പിടാവശ്യം
3	11	212	B	മുഹമ്മദ് നൂഹ്	പാർപ്പിടാവശ്യം
4	11	212	C	മൂംതാസ് ബീഗം	പാർപ്പിടാവശ്യം
5	11	213	A	നജിമുദ്ദീൻ . എം. ജെ	പാർപ്പിടാവശ്യം
6	11	216		നിസ്സാം	പാർപ്പിടാവശ്യം
7	11	223	B	ശശിധരൻ	പാർപ്പിടാവശ്യം
8	11	223	C	ലത്തീഫ ബീവി	പാർപ്പിടാവശ്യം
9	11	224	A	രാജി.എ.എസ്	പാർപ്പിടാവശ്യം
10	11	224	B	സുശീല	പാർപ്പിടാവശ്യം
11	11	226		സുനി	പാർപ്പിടാവശ്യം
12	11	227	A	ഷാജഹാൻ	പാർപ്പിടാവശ്യം
13	11	229	A	സിന്ധു	പാർപ്പിടാവശ്യം
14	11	234	A	സഫീനബീവി	പാർപ്പിടാവശ്യം
15	11	235	A	ജമീലാബീവി	പാർപ്പിടാവശ്യം
16	11	236		ശൈലേയി	പാർപ്പിടാവശ്യം
17	11	246		ശശി.എസ്	പാർപ്പിടാവശ്യം
18	11	262		കമല	പാർപ്പിടാവശ്യം
19	11	271	A	അബ്ദുൽ ഖാദർ	പാർപ്പിടാവശ്യം
20	11	280	A	സുമിത	പാർപ്പിടാവശ്യം
21	11	283		ആരിഫാബീവി	പാർപ്പിടാവശ്യം
22	11	285	H	അബ്ദുൽ മജീദ്	പാർപ്പിടാവശ്യം
23	11	285	A	ജമീലാബീവി	പാർപ്പിടാവശ്യം

24	11	285	D	അബ്ദുൽ സലാം	പാർപ്പിടാവശ്യം
25	11	289		ജമീലാബീവി	പാർപ്പിടാവശ്യം
26	11	343	B	ഷംസുദ്ദിൻ	പാർപ്പിടാവശ്യം
27	11	356	D	സജീർ	പാർപ്പിടാവശ്യം
28	11	358		ഖദിജാബീവി	പാർപ്പിടാവശ്യം
29	11	360	B	ലില്ലി	പാർപ്പിടാവശ്യം
30	11	364	A	ആബിദ്ബീവി	പാർപ്പിടാവശ്യം
31	11	377		ഷാഹുൽ ഹമീദ്	പാർപ്പിടാവശ്യം
32	11	386		ഫൈസൽ	പാർപ്പിടാവശ്യം
33	11	387		ജാസ്മിൻ	പാർപ്പിടാവശ്യം
34	11	394		സുധർമ്മണി	പാർപ്പിടാവശ്യം
35	11	408	A	ഹംസത്ത്.എ	പാർപ്പിടാവശ്യം
36	11	435	A	ഷാന്/സുമയ്യ	പാർപ്പിടാവശ്യം
37	11	437		സജീനാബീവി	പാർപ്പിടാവശ്യം
38	11	448		മുഹമ്മദ് റഷീദ്	പാർപ്പിടാവശ്യം
39	11	455		ശ്രീദേവി .കെ	പാർപ്പിടാവശ്യം
40	11	472		സജി	പാർപ്പിടാവശ്യം
41	11	476	B	സിന്ധു	പാർപ്പിടാവശ്യം
42	11	489		ബിന്ദു.പി.പി	പാർപ്പിടാവശ്യം
43	11	490		ജയപ്രസാദ്	പാർപ്പിടാവശ്യം
44	11	498		സി.രാധമ്മ	പാർപ്പിടാവശ്യം

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 04/23.05.2022, 07/24.05.2022-ന് ലഭിച്ച മറുപടിയിൽ പരിശോധന നടത്തി സഞ്ചയയിൽ രേഖപ്പെടുത്തിയ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടാണ്.

8)കെട്ടിട നമ്പർ നൽകൽ- അപാകങ്ങൾ.

2011-ലെ കേരള പഞ്ചായത്ത്രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ കെട്ടിട നമ്പർ നൽകുന്നതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)വ്യത്യസ്ത ഫയലുകൾ സൂക്ഷിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.12.2015-ലെ 12900/ആർ/2015/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമ്മിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങളും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വ്യത്യസ്ത ഫയലുകളിലാണ് പെർമ്മിറ്റ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതും നികുതി നിർണ്ണയം നടത്തിയിട്ടുള്ളതും .

B)വിസ്തീർണം കണക്കാക്കിയതിൽ അപാകത.

ഫയൽ നമ്പർ	A2/2505/21
കെട്ടിട ഉടമ	ശ്രീമതി സരോജിനി അമ്മ
പെർമിറ്റ് നം	A2-BA(62092)/2021
ഉപയോഗക്രമം	പാർപ്പിടം
വിസ്തീർണം	311.78 M^2

കെട്ടിടത്തിന്റെ സൈറ്റ് പ്ലാനിൽ കെട്ടിടം നിർമ്മിക്കുന്ന അതേ പ്ലോട്ടിൽ സ്ഥിതിചെയ്യുന്നതും നേരത്തേ നികുതി നിർണയിക്കപ്പെട്ടതുമായ 22/290 നമ്പർ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വിസ്തീർണം 72 ച.മീറ്ററാണ്. എന്നാൽ സഞ്ചയയിൽ പ്രസ്തുത കെട്ടിടത്തിന് 36 ച.മീ വിസ്തീർണ്ണം എന്ന് രേഖപ്പെടുത്തുകയും നികുതി ഒഴിവാക്കി കണക്കാക്കുകയും ചെയ്തിട്ടുണ്ട്.
മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 48/31.05.2022-ന് മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടാണ്.

1-9 രസീത് പ്രകാരം പിരിച്ചെടുത്ത തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല.

നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർത്തിട്ടുള്ള ഔട്ട് ഡോർ കളക്ഷൻ രസീതുകൾ പ്രകാരം പിരിച്ചെടുത്ത തുകകൾ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	രസീത് ബുക്ക് നം .	രസീത് നം	തീയതി	തുക
1	61997	44	9-03-2021	759
2	61997	45	9-03-2021	506
3	19757	70	23-03-2021	76
			ആകെ	**1341/-**

പിരിച്ചെടുത്ത തുകകൾ പഞ്ചായത്തിലൊടുക്കാതെ കൈവശം സൂക്ഷിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം.51-നു മറുപടി നൽകിയിട്ടില്ല. അടവാക്കാത്ത തുക 18% പലിശ ഉൾപ്പെടെ അടിയന്തിരമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി പ്രസ്തുത രസീത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-10 ഉടമ്പടി പത്രം കൃത്യമായി സൂക്ഷിക്കുന്നില്ല.

ലേല നടപടികൾ സംബന്ധമായ ഫയലുകളിൽ കൂടുതൽ തുകയ്ക്ക് ലേല വസ്തു കരസ്ഥമാക്കിയ വ്യക്തികൾ എഴുതി നൽകിയിട്ടുള്ള ഉടമ്പടി പത്രം സൂക്ഷിച്ചിട്ടില്ല. മുഴുവൻ ഉടമ്പടി പത്രങ്ങളും ഹാജരാക്കണമെന്ന് ഓഡിറ്റ് എൻകയറി നം.34 വഴി ആവശ്യപ്പെട്ടിട്ടും ആയത് ഭാഗികമായി മാത്രമാണ് ലഭ്യമാക്കിയത്. ചുവടെ പറയുന്ന ലേല ഇനങ്ങൾ കരസ്ഥമാക്കിയവർ സമർപ്പിച്ചിട്ടുള്ള ഉടമ്പടി പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ക്രമ നം	ഇനം	ലേലം കരസ്ഥമാക്കിയ വ്യക്തിയുടെ പേര്	തുക
1	മാട്ടിറച്ചി	സലിം	175100

	വിൽപ്പന		
2	നാവായിക്കുളം പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീ പിരിവ്	സൈനുദ്ദീൻ	125000
3	കല്ലമ്പലം പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീ പിരിവ്	റഹിം	252000

ടി വ്യക്തികൾ ഗഡുക്കളായി ലേല തുക മുഴുവനായി അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. ലേല തുക നിശ്ചിത സമയ പരിധിക്കുള്ളിൽ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാമെന്ന് ലേലം പിടിച്ച വ്യക്തി ഉടമ്പടി ചെയ്യേണ്ടതുണ്ട്. ലേലം പിടിച്ച വ്യക്തികൾ തുക ഒടുക്കാൻ വിസമ്മതിക്കുന്ന പക്ഷം മുദ്ര പത്രത്തിൽ എഴുതി തയ്യാറാക്കിയ ഇത്തരം ഉടമ്പടി പത്രത്തിന്റെ അഭാവത്തിൽ നിയമ നടപടികൾ സ്വീകരിക്കുന്നതിൽ തടസ്സം നേരിടുന്നതാണ്. വരും വർഷങ്ങളിൽ ഉടമ്പടി പത്രം അപേക്ഷകരിൽ നിന്ന് കർശനമായി വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

1-11-1 തൊഴിൽ നികുതി കൃത്യമായി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്ററിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 204(1), (2) എന്നിവ അനുസരിച്ച് ഈടാക്കേണ്ട തൊഴിൽ നികുതി ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 സാമ്പത്തിക വർഷം ഈടാക്കിയിട്ടില്ല .

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	നികുതി ഈടാക്കേണ്ട അർദ്ധ വർഷം
1	ഹോട്ടൽ ഡബ്ളൂൺ	II
2	രാജകുമാരി ഗോൾഡ് സൂക്ക്	II
3	രാജകുമാരി സൂപ്പർ മാർക്കറ്റ്	II
4	രാജകുമാരി വെഡിംഗ് സെന്ററർ	II
5	രാജകുമാരി ആൾമാർട്ട്	II
6	റഹ്മാസ് ഗ്യാസ് ഏജൻസി	II
7	രാജ് സിനി ഹൗസ്	II
8	നാവായിക്കുളം മിൽക്ക് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി	II

ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.50-നു മറുപടിയായി പട്ടികയിൽ സൂചിപ്പിച്ച 8 സ്ഥാപനങ്ങളിൽ റഹ്മാസ് ഗ്യാസ് ഏജൻസി ഒഴികെ മറ്റ് സ്ഥാപനങ്ങൾ **2021-22 II** ാം– അർദ്ധ വർഷത്തെ തൊഴിൽ നികുതി ഒടുക്ക് വരുത്തിയിട്ടുണ്ട് എന്നാണ് മറുപടി അറിയിച്ചിരിക്കുന്നത്. തുക ഒടുക്കിയതിന്റെ രസീത് നമ്പരുകളും ലഭ്യമാക്കിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധമായ ചോദ്യത്തിന് ടി മറുപടി

യോജ്യമല്ലാത്തതിനാൽ അംഗീകരിക്കാവുന്നതല്ല. മറുപടി വൈകി ലഭ്യമാക്കിയതിനാൽ രസീത് നമ്പരുകളുടെ ആധികാരികത നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടാൻ കഴിഞ്ഞിട്ടുമില്ല. 2020-21 സാമ്പത്തിക വർഷത്തിലെ രജിസ്റ്ററിൽ നികുതി ഒടുക്കിയത് സംബന്ധിച്ച് രേഖപ്പെടുത്തലില്ലാത്തതിനാൽ ടി സ്ഥാപനങ്ങൾ നികുതി ഒടുക്കിയിട്ടില്ല എന്നു തന്നെ ഓഡിറ്റ് വിലയിരുത്തുന്നു. നികുതി മുഴുവനായി ഈടാക്കി പ്രസ്തുത രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-11-2 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുക്കുകയും പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിനുമേൽ പ്രവൃത്തി നടത്തുകയും ചെയ്ത കരാറുകാരിൽ നിന്നും 2020-21 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.50-ന് പൊതുമരാമത്ത് പ്രവൃത്തികളിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാർക്ക് നികുതി ഒടുക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ട് എന്ന് മറുപടി അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കി വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്.

1-11-3 കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മുൻവർഷങ്ങളിൽ പിരിച്ചെടുക്കാതെ ബാക്കിയായ നികുതി 'കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ' ചേർത്ത് പൂർണമായി പിരിച്ചെടുക്കേണ്ടതുണ്ട്. എന്നാൽ നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. രജിസ്റ്റർ സൂക്ഷിക്കാതിരുന്നാൽ കുടിശ്ശിക നികുതി പിരിവ് ശ്രദ്ധിക്കാൻ കഴിയാതെ വരികയും പിരിച്ചെടുക്കാത്ത കുടിശ്ശിക 3 വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടുകയും ചെയ്യും. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം.50-ന് മുൻ വർഷങ്ങളിൽ പിരിച്ചെടുക്കാതെ ബാക്കിയായ കുടിശ്ശിക തുക പിരിച്ചെടുത്ത് തൻവർഷ രജിസ്റ്ററിൽ പ്രത്യേകം രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കുന്നുണ്ട് എന്ന് മറുപടി അറിയിച്ചിട്ടുണ്ട്. എന്നാൽ 2020-21-ലെ തൊഴിൽ നികുതി രജിസ്റ്ററിൽ ഇത്തരം പ്രത്യേക രേഖപ്പെടുത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി വരുമാന നഷ്ടം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 തൊഴിൽ നികുതി സംബന്ധമായ അപാകങ്ങൾ.

നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1-12 റേഷൻകടകളിൽ നിന്നും ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല.

കേരളാ സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22-01-2019-ലെ (സി.എസ്).എ)-9-764/19 കത്ത് പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ ലൈസൻസ് ഫീസും, തൊഴിൽ നികുതിയും അടയ്ക്കണമെന്ന് നിഷ്കർഷിക്കുന്നതിനാലും, കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ പഞ്ചായത്തിലെ സ്ഥലം ഏതൊരു ആവശ്യത്തിനും ഉപയോഗിക്കാൻ പാടില്ലായെന്നതിനാലും റേഷൻ കടകളിൽ നിന്നും ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കുന്നില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 46) തുക ഈടാക്കി ലൈസൻസ് അനുവദിക്കാത്തതിനു കാരണം വ്യക്തമാക്കിയിട്ടില്ല. എൻകയറി നം.50-ന് റേഷൻ കടകൾക്ക് തൊഴിൽ നികുതി ഒടുക്ക്

വരുത്താനുള്ള അറിയിപ്പ് നൽകിയിട്ടുണ്ട്, ധനകാര്യ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി അറിയിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഡിമാൻഡ് നോട്ടീസ് നൽകി ഈടാക്കി രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-13 ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ പേർക്കും ലൈസൻസ് നൽകിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ട്രേഡേഴ്സ് ലിസ്റ്റിൽ വിവിധ വാർഡുകളിൽ നിന്നും 403 വാണിജ്യ സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 246 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ബാക്കി സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് തുക ഈടാക്കാത്തതിന് കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 46) മറുപടി നൽകിയിട്ടില്ല. 157 സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു. കേരള പഞ്ചായത്ത്രാജ് ആക്ടിലെ ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ നിയമത്തിലെ വകുപ്പ് 232, 233 എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരു ആവശ്യത്തിനും ഗ്രാമപഞ്ചായത്തിനുള്ളിൽപ്പെട്ട യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടുള്ളതല്ല. ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ വ്യാപാര സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകി തനത് വരുമാനം വർധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

പദ്ധതി മാർഗരേഖ [സ.ഉ(കൈ)നം. 11/തസ്വഭവ, തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ്വെയർ ഉപയോഗിച്ച് ഡേറ്റാബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012-ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-15 ഇ-ടെണ്ടർ-ടെണ്ടർഫോറം വില.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ടെണ്ടർ ഫീസിനത്തിൽ 2020-21 വർഷം ലഭിക്കാനുള്ള തുക, തുക ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശം, തുക ലഭിക്കാനുണ്ടെങ്കിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 18 ന് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യാൻ കത്ത് നൽകിയിട്ടുള്ളതായാണ് അറിയിച്ചിട്ടുള്ളത്. ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-16 ഗുണമേന്മയുള്ള റോഡ് -സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

സർക്കാർ ഉത്തരവ് (കൈ)നം11/2018 ത.സ്വ.ഭ.വ, തീയതി.29.01.2018 ഖണ്ഡിക 7.13 പ്രകാരം ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ്ഥാപനം ഇത്തരത്തിൽ റോഡ് ഏറ്റെടുത്തിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം.12-ന് അത്തരത്തിലുള്ള പദ്ധതികളൊന്നും സ്ഥാപനം ഏറ്റെടുത്തിട്ടില്ലെന്നും വരുംവർഷങ്ങളിൽ ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-17 സ്പിൽ ഓവർ പദ്ധതികൾ തൻവർഷവും പൂർത്തിയാക്കിയില്ല.

ജി.ഒ.(എം.എസ്) നം72/2017ത.സ്വ.ഭ.വ., തീയതി 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. ചെലവ് പത്രിക പ്രകാരം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്ത് അസി.എഞ്ചിനീയർ നിർവഹണം നടത്തുന്നതിനായി ഏറ്റെടുത്ത പ്രോജക്ട് നം. 239, 247, 244, 257 എന്നിവ തൻവർഷം സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം നടപ്പിലാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻകയറി നം.10-നു പ്രോജക്ട് നം.239 ബാക്കി തകയ്ക്ക് പ്രവൃത്തി അസാധ്യമായതിനാലും 244 എന്ന പദ്ധതി റോഡ് സൈഡ്വാൾ എന്ന പദ്ധതി നടപ്പാക്കിയാൽ വാഹനഗതാഗതം തടസ്സപ്പെടുമെന്നതിനാലുമാണ് ഉപേക്ഷിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. പ്രോജക്ട് നം.257 തുടർവർഷങ്ങളിൽ പൂർത്തീകരിച്ചതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12.1 പ്രകാരം വാർഷിക പദ്ധതിയ്ക്ക് മാർച്ച് 31-ന് നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകളുടെ നിലവിലുള്ള അവസ്ഥ പരിശോധിച്ച് ഏതൊക്കെ പ്രോജക്ടുകൾ തുടർന്ന് നടപ്പിലാക്കേണ്ടതുണ്ടെന്ന് ആദ്യം തന്നെ തീരുമാനിക്കേണ്ടതാണ്. ഇപ്രകാരം തുടർന്ന് നടപ്പിലാക്കേണ്ടാത്തവ ആദ്യം തന്നെ കണ്ടെത്തി ഒഴിവാക്കാതെ സ്പിൽ ഓവർ പദ്ധതിയായി തുടർന്നത് ഫണ്ട് ലാപ്സാകുന്നതിന് കാരണമായി. തുടർവർഷങ്ങളിൽ സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1-18 റോഡ് കണക്ടിവിറ്റി പ്ലാൻ, മാപ്പ് എന്നിവ ആധികാരികമല്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.13 പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011-ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറി നം.24-നു ആസ്തികൾ സംബന്ധിച്ച വിവരം ശേഖരിക്കുന്നതിലേയ്ക്കായി റോഡ് കണക്ടിവിറ്റി മാപ്പിംഗ് തയ്യാറാക്കാൻ KSREC തയ്യാറാക്കിയ ഓൺലൈൻ ഫ്ലാറ്റ്ഫോം ആയ R ട്രാക് വഴി ഫേസ് 1 ൽ 2019-20 വർഷം വിവരശേഖരണം നടത്തിയിട്ടുണ്ടെന്നും ഫേസ് 2 വെരിഫിക്കേഷൻ നിലവിൽ നടന്നുവരുന്നുവെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അപ്രൂവൽ ഫേസ് കഴിയുന്ന മുറയ്ക്ക് ആയത് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-19 പത്രപ്പരസ്യം - പത്രസ്ഥാപനത്തിൽ നിന്നും സർക്കാർ പരസ്യ നിരക്ക് ലഭ്യമാക്കുന്നില്ല.

പ്രോജക്ട് നം	SO047/21
പ്രോജക്ടിന്റെ പേര്	പദ്ധതി രൂപീകരണ നിർവഹണ മോണിറ്ററിംഗ് ചെലവുകൾ

നിർവഹണം	സെക്രട്ടറി
അടങ്കൽ	300000 (150000വി.ഫ+150000 ത.ഫ)
ചെലവ്	2,97,990/-

വിവിധ ദിനപത്രങ്ങളിൽ സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യനിരക്ക് ജി.ഒ(ആർ.ടി).നം.551/15/I&PRD, തീ.20.11.2015, ജി.ഓ(പി) നം17/15/ I & PRD തീയതി 08-12-2015, ജി.ഓ(ആർ.ടി) നം. 288/14/I & PRD, തീയതി 10-09-2014 , ജി.ഓ (പി) നം.1/2019/I&PRD തീ.07.01.2019, ജി.ഓ (പി) നം.2/2020/I&PRD, തീ.10.12.2020 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. 2020-21, 21-22 വർഷങ്ങളിലെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് മാതൃഭൂമി ദിനപ്പത്രത്തിൽ പത്രപ്പരസ്യം നൽകിയപ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകളിലല്ല തുക അനുവദിച്ചത്. മാതൃഭൂമി ഓഫീസിൽ നിന്നും ലഭിച്ച ഇൻവോയ്സുകളിൽ സ്കയർ സെന്റീമീറ്ററിന് 430/-രൂപ നിരക്കിലാണ് തുക കണക്കാക്കിയിട്ടുള്ളത്. ജി.ഒ(ആർ.ടി).നം.551/15/ I&PRD, തീ.20.11.2015 ഉത്തരവ് പ്രകാരം മാതൃഭൂമി തിരുവനന്തപുരം എഡീഷൻ നിരക്ക് സ്കയർ സെന്റീമീറ്ററിന് 88/-രൂപയാണ് (കാറ്റഗറി സി). കൂടാതെ ജി.ഓ (പി) നം.2/2020/I&PRD, തീ.10.12.2020 ഉത്തരവ് പ്രകാരം 01.04.2019 മുതൽ മാതൃഭൂമി തിരുവനന്തപുരം എഡീഷൻ നിരക്ക് സ്കയർ സെന്റീമീറ്ററിന് 83/- രൂപയായി പുനർ:നിർണയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിരക്കുകളിൽ നിന്നും വ്യത്യസ്ഥമായി സ്കയർ സെന്റീമീറ്ററിന് 430/- രൂപ നിരക്കിൽ വിവിധ ബില്ലുകൾ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമം നം	ഇൻവോയ്സ് നം	വിസ്തീർണം(cm^2)	ബിൽ തുക(@430 - 15% Discount+5%GST)
1	321000079636/20.10.2019	19.5	7484
2	321000064201/08.09.2019	32	12280
3	321000073083/16.10.2019	40	15351
4	3210000790558/17.11.2019	48	18576
5	321000091597/21.11.2019	24	9210
6	321000042219/27.09.2020	40	15351
7	321000007503/07.05.2020	24	9210
8	3210000031934/28.08.2020	32	12280
9	3210000038922/18.09.2020	19.5	7484
10	321000082363/21.01.2021	19.5	7484
11	321000091582/13.02.2021	32	12281
12	321000086140/31.01.2021	32	12281

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.16/25.05.2022-ന് ലഭിച്ച മറുപടിയിൽ മറ്റ് സ്ഥാപനങ്ങൾക്ക് നൽകിയ അതേ നിരക്കിലാണ് തുക ഈടാക്കിയതെന്നാണ് മാതൃഭൂമി ഓഫീസിൽ നിന്നും വ്യക്തമാക്കിയിട്ടുള്ളത് എന്നാണ് അറിയിച്ചത്. തുടർ പദ്ധതികളിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്ക് കണക്കാക്കി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് - രേഖകൾ ഹാജരാക്കിയില്ല -1,39,800/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം	SO225/21
പ്രോജക്ടിന്റെ പേര്	വയബിലിറ്റി ഗ്യാപ് ഫണ്ട്.
നിർവഹണം	വി.ഇ.ഒ(സർക്കിൾ 2)
അടങ്കൽ	2,55,200/- (175017 വി.ഫ + 80183 ത.ഫ)

ചെലവ്	1,39,800/-
ബിൽ നം	36000/- (157/09-09-2020) + 56340/- (179/12-10-2020) + 47460/- (344/03-02-2021)

ഹരിത കർമ്മസേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സ.ഉ(സാധാ).നം.1496/2020/തസ്വഭവ തീ.12.08.2020 പ്രകാരമുള്ള രേഖകളായ അറ്റൻഡൻസ് രജിസ്റ്റർ, മിനിറ്റ്സ് ബുക്ക്, കാഷ് ബുക്ക്, വർക്കിംഗ് അറേഞ്ച്മെന്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, വാഹന മാനേജ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല. കൂടാതെ മേൽ പദ്ധതി പ്രകാരം ചെലവഴിച്ച തുകയിൽ 36,000/-രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.45/30.05.2022, 19/31.05.2022 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 1,39,800/-രൂപ തടസപ്പെടുത്തുന്നു. രേഖകൾ പരിശോധയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-21 തെരുവ് വിളക്ക് വാങ്ങൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല. രേഖകളുടെ അഭാവത്തിൽ 3,32,111/-രൂപ തടസപ്പെടുത്തുന്നു.

പ്രോജക്ട് നം	SO063/21
പ്രോജക്ടിന്റെ പേര്	തെരുവ് വിളക്കുകൾക്ക് സാധനസാമഗ്രികൾ വാങ്ങൽ
നിർവഹണം	സെക്രട്ടറി
അടങ്കൽ	905000/- (861600/- ധനകാര്യകമ്മീഷൻ ഗ്രാന്റ് + 43400/- തനത് ഫണ്ട്)
ചെലവ്	332111/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ബിൽ നം	222/ 10-11-2020

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിക്കുന്നതിനായി തെരുവ് വിളക്കുകൾ വാങ്ങുന്നതിനായാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തത്. 2010-ലെ പ്രൊക്യുർമെന്റ് മാനുവൽ പ്രകാരം സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ആ വർഷം വാങ്ങേണ്ട സാധനങ്ങളുടെ ആവശ്യകതയും എണ്ണവും ഇനവും നിശ്ചയിക്കേണ്ടതും അതിന്റെയടിസ്ഥാനത്തിൽ വാങ്ങലുകൾ നടത്തേണ്ടതുമാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.07.2010-ലെ 43472/ഡി.സി.3 സർക്കുലർ പ്രകാരം ഓരോ മീറ്ററിംഗ് പോയിന്റിനും പ്രത്യേക കൺസ്യൂമർ നമ്പർ നൽകണമെന്ന് നിർദേശിച്ചിട്ടുണ്ട് . കൂടാതെ 17-08-2015-ലെ ജി.2/44274/15-ാം നമ്പറായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി വാർഡടിസ്ഥാനത്തിലുള്ള ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ രജിസ്റ്ററിൽ 2020-21 വർഷം വിവിധ പ്രോജക്ടുകൾ പ്രകാരം വാങ്ങിയ തെരുവ് വിളക്കുകളുടെ എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തെരുവ് വിളക്കുകളുടെ മുന്നിരിപ്പ്, നീക്കിയിരിപ്പ്, വിതരണ വിവരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ കേടായ സാധനങ്ങളുടെ വിവരം അതത് ദിവസം രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കണമെന്നുമുള്ള മേൽ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. മേൽ രജിസ്റ്ററുകൾ ലഭ്യമാക്കാത്തതിനാൽ 2020-21 വർഷത്തെ തെരുവ് വിളക്കുകൾ ആവശ്യകത പ്രകാരമാണോ വാങ്ങിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.25/27.05.2022-ന് മറുപടിയിൽ രേഖകൾ വാങ്ങി സൂക്ഷിക്കുന്നതിനും രജിസ്റ്ററുകൾ പരിപാലിക്കുന്നതിനും നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ 3,32,111/-രൂപ തടസപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക്

ലഭ്യമാക്കേണ്ടതും തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16.09.2011-ലെ 3055/ഡി.എ.3/2011/തസ്വഭവ, 29.05.2018-ലെ 269/ഡി.എ3/2018/തസ്വഭവ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതുമാണ്.

1-22 തെരുവ് വിളക്ക് പുനരുദ്ധാരണം - രേഖകളുടെ അഭാവത്തിൽ 1,88,700/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.	SO227/21 (സ്പിൽ ഓവർ)
പ്രോജക്ടിന്റെ പേര്	തെരുവ് വിളക്ക് പുനരുദ്ധാരണം
നിർവഹണം	സെക്രട്ടറി
അടങ്കൽ	305800/- (തനത് ഫണ്ട്)
ചെലവ്	188700/-
ബിൽ നം	199/ 27-10-2020

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തത്. അംഗീകൃത പ്രോജക്ട് രൂപീകരണ ഫോറത്തിൽ പ്രോജക്ട് എപ്രകാരമാണ് നടപ്പാക്കുന്നത് എന്നത് സംബന്ധിച്ച് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് എന്ന പ്രവൃത്തി നടപ്പാക്കുന്ന രീതി സംബന്ധിച്ച വിവരം ടെണ്ടർ രേഖകളിലോ കരാറിലോ വ്യക്തമാക്കിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)17-08-2015-ലെ ജി.2/44274/15-ാം നമ്പറായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കേടായ സാധനങ്ങളുടെ വിവരം അതത് ദിവസം രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കണമെന്നും പ്രസ്തുത മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ രജിസ്റ്ററിൽ 2020-21 വർഷം വിവിധ പ്രോജക്ടുകൾ പ്രകാരം വാങ്ങിയ തെരുവ് വിളക്കുകളുടെ എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തെരുവ് വിളക്കുകളുടെ മുന്നിരിപ്പ്, നീക്കിയിരിപ്പ്, വിതരണ വിവരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്, മെയിന്റനൻസ് രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)ഗ്രാമപഞ്ചായത്തിലെ കേടായ തെരുവ് വിളക്കുകളിൽ വാറന്റി കാലാവധിയുള്ള തെരുവ്വിളക്കുകൾ കരാറുകാരൻ ഗ്രാമപഞ്ചായത്തിൽ തിരികെ ലഭ്യമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ മൂന്ന്, ആറ് വാർഡുകളിൽ സ്ഥാപിച്ച തെരുവിളക്കുകൾ ബന്ധപ്പെട്ട വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3)തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.11.2017-ലെ 177/ഡി.എ.3/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് കോൺട്രാക്ട് ഏറ്റെടുക്കുന്നവർക്ക് സൂപ്പർവൈസറി ലൈസൻസും ബി ക്ലാസ്സ് ലൈസൻസും തൊഴിലാളിക്ക് ഇലക്ട്രിഷ്യൻ ലൈസൻസും ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശ്രീ.മനോജ് എസ് എന്ന കരാറുകാരനാണ് 2020-21 വർഷം തെരുവ് വിളക്ക് മെയിന്റനൻസ് പ്രവൃത്തി ഏറ്റെടുത്തത്. എന്നാൽ പ്രസ്തുത കരാറുകാരന്റെ ലൈസൻസ് വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ മേൽ കരാറുകാരിൽ നിന്നും സെക്യൂരിറ്റി ഡിപ്പോസിറ്റ് ഈടാക്കിയിട്ടില്ല.

4)സർക്കുലർ നമ്പർ 18/19/ ധനം തീയ്യതി 1.3.19 ഖണ്ഡിക 4 പ്രകാരം ജിഎസ് ടി രജിസ്ട്രേഷൻ ഉള്ളവർക്ക് മാത്രമേ ടെണ്ടറിൽ പങ്കെടുക്കാനാവൂ. ഇപ്രകാരം ജി എസ് ടി രജിസ്ട്രേഷൻ ഉള്ളവർ സാധനങ്ങളോ സേവനങ്ങളോ നല്കി കഴിഞ്ഞാൽ ജിഎസ് ടി നിയമം 2017 വകുപ്പ് 31 പ്രകാരം ജി എസ് ടി ഇൻവോയ്സ് നല്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത ഇൻവോയ്സ് ഇല്ലാതെയാണ് ഗ്രാമപഞ്ചായത്ത് കരാറുകാരന് തുക നല്കിയിട്ടുള്ളത്.

5)05.09.2011-ലെ സർക്കുലർ നം.3055/ഡി.എസ്.3/2011/തസ്വഭവ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് കെ.എസ്.ഇ.ബി-യുടെ മേൽനോട്ടത്തിലും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുമായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, കെ.എസ്.ഇ.ബി മേൽനോട്ടം വഹിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.24/27.05.2022-ന് മറുപടിയിൽ രേഖകൾ വാങ്ങി സൂക്ഷിക്കുന്നതിനും രജിസ്റ്ററുകൾ പരിപാലിക്കുന്നതിനും നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ 1,88,700/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16.09.2011-ലെ 3055/ഡി.എ.3/2011/ തസ്വഭവ, 29.05.2018 ലെ 269/ ഡി.എ3/ 2018/തസ്വഭവ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതുമാണ്.

1-23 മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - മാനദണ്ഡങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കി.

പ്രോജക്ട് നം	SO069/21
പ്രോജക്ടിന്റെ പേര്	വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ
നിർവഹണം	സെക്രട്ടറി
അടങ്കൽ	2200000/- (തനത് ഫണ്ട്)
ചെലവ്	2200000/-
ബിൽ നം	187/ 19-10-2020

ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം 21 മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനിയറിംഗ് ലിമിറ്റഡ് (KEL) മുഖാന്തിരമാണ് മിനി ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 09.01.2017-ലെ സ.ഉ(അ)നം.142/2017/ധന, 04.07.2019-ലെ സ.ഉ(അ)നം.77/2019/ധന. എന്നിവ പ്രകാരം KEL-ന് ഇലക്ട്രോ മെക്കാനിക്കൽ വർക്കുകളും ജനറൽ സിവിൽ നിർമ്മാണ പ്രവർത്തനങ്ങളും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) പ്രവർത്തിക്കുന്നതിനാണ് അനുമതിയുള്ളത്. 18.01.2019-ലെ സ.ഉ(സാധാ)നം.91/2019 ഉത്തരവ് പ്രകാരം KEL ഇലക്ട്രോ മെക്കാനിക്കൽ പ്രോജക്ടുകളുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ആയതിനാൽ 03.08.2018-ലെ സ.ഉ(അ)118/2018/ധന. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി തദ്ദേശസ്ഥാപനങ്ങളിലെ ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള അംഗീകൃത ഏജൻസിയായി പ്രവർത്തിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. 24.04.2019-ലെ 33/2019/ധന. സർക്കുലർ പ്രകാരം ധനകാര്യ വകുപ്പിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ ഭരണ വകുപ്പുകൾ അക്രെഡിറ്റഡ് ഏജൻസികൾക്ക് അനുമതി നൽകാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ KEL നേരിട്ട് നിർവ്വഹണം നടത്തുകയാണ് ചെയ്തിട്ടുള്ളത്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 20.06.2019-ലെ യോഗത്തിലും KEL-ന് പ്രോജക്ട് മാനേജ്മെന്റ്

കൺസൾട്ടന്റായി മാത്രം പ്രവർത്തിക്കുന്നതിനാണ് ധനവകുപ്പിന്റെ അനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2) തദ്ദേശ സ്വയംഭരണ വകുപ്പിനുള്ള ധനകാര്യ ഇൻസ്പെക്ഷൻ ടെക്നിക്കൽ വിഭാഗത്തിന്റെ 18.03.2020-ലെ InspTech-1/56/2019/ധന. നോട്ട് പ്രകാരം അക്രെഡിറ്റഡ് ഏജൻസികൾ PRICE സോഫ്റ്റ്വെയർ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശമനുസരിച്ച് PRICE സോഫ്റ്റ്വെയർ മുഖേനയല്ല KEL എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

3) 15.09.2011-ലെ സർക്കുലർ നം.3055/ഡി.എസ്3/2011/തസ്വഭവ. തെരുവ് വിളക്കുകൾ, മിനി/ ഹൈമാസ്റ്റ് ലൈറ്റുകൾ എന്നിവ സ്ഥാപിക്കുന്നത് കെ.എസ്.ഇ.ബി-യുടെ മേൽനോട്ടത്തിലും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുമായിരിക്കണം. എന്നാൽ, കെ.എസ്.ഇ.ബി മേൽനോട്ടം വഹിച്ചതിന്റെ വിശദാംശങ്ങളും ഇൻസ്റ്റലേഷൻ സാക്ഷ്യപത്രവും ഫയലിലില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.28/27.05.2022-ന് മറുപടിയിൽ അക്രെഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച വ്യക്തമായ നിർദ്ദേശം ലഭിക്കാത്തതിനാലാണ് KEL മുഖേന പദ്ധതി നടപ്പാക്കിയിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്. ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് മാത്രം പദ്ധതികൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതും സുതാര്യതയും കൃത്യതയും പാലിച്ച് ഓഡിറ്റിൽ രേഖകൾ സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-24 ഓൺലൈൻ പഠനത്തിനായി ടി.വി വാങ്ങി നൽകൽ -അപാകങ്ങൾ.

പ്രോജക്ട് നം	SO285/21
പ്രോജക്ടിന്റെ പേര്	ഓൺലൈൻ പഠനത്തിനായി ടി.വി വാങ്ങി നൽകൽ
നിർവഹണം	സെക്രട്ടറി
അടങ്കൽ	323760/- (43760 തനത് ഫണ്ട് + 280000 മറ്റുള്ളവ)
ചെലവ്	322800/- (42800+280000)
ബിൽ	147/07-09-2020 (42800) + ചെക്ക് ലഭ്യമാക്കിയില്ല

സ.ഉ(സാ.ധാ)നം.1269/2020/തസ്വഭവ തീ.25.06.2020 പ്രകാരം കെ.എസ്.എഫ്.ഇ ധനസഹായത്തോടുകൂടി മേൽ പ്രോജക്ട് പ്രകാരം ഓൺലൈൻ വിദ്യാഭ്യാസത്തിന് ഗ്രാമപഞ്ചായത്തിലെ 24 പഠന കേന്ദ്രങ്ങളിൽ ടെലിവിഷൻ വാങ്ങി നൽകിയിട്ടുണ്ട്. ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ റിപ്പോർട്ട് പ്രകാരം അംഗനവാടി സെന്റർ നമ്പർ 49,69,67,68 എന്നിവിടങ്ങളിൽ നൽകിയ ടി.വികൾ പ്രവർത്തനക്ഷമമല്ല എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/27.05.2022) ലഭിച്ച മറുപടിയിൽ ടി.വികളുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-25 കുടിവെള്ള കരം ഒടുക്കൽ - തുക വകയിരുത്താതെ ചെലവ് ചെയ്തു.

പ്രോജക്ട് നം	SO067/21
പ്രോജക്ടിന്റെ പേര്	കുടിവെള്ള കരം ഒടുക്കൽ
നിർവഹണം	സെക്രട്ടറി
അടങ്കൽ	807192/- (വികസന ഫണ്ട്)
ചെലവ്	807192/- (627816 + 179376)

1)മേൽ പ്രോജക്ടിൽ തനത് ഫണ്ടിൽ നിന്നും പദ്ധതിക്കായി തുക വകയിരുത്തിയിട്ടില്ല. എന്നാൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ 1,79,376/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്

എന്ന് കാണുന്നു.

2)നിലവിൽ 205 ടാപ്പുകളുടെ വെള്ളക്കരമാണ് വാട്ടർ അതോറിറ്റിയിൽ അടവാക്കിക്കൊണ്ടിരിയ്ക്കുന്നത്. 2020-21 വർഷം ഓരോ മാസത്തെയും വെള്ളക്കരം ഒടുക്ക് വരുത്തിയിട്ടുണ്ടെങ്കിലും 2021 മാർച്ച് വരെ 3,82,941/-രൂപയുടെ കുടിശ്ശികയുണ്ട്. കൂടാതെ പിഴപ്പലിശ ഇനത്തിലും ബില്ലിൽ തുക കണക്കാക്കുന്നുണ്ട്.

3)205 ടാപ്പുകളുടെ വെള്ളക്കരമാണ് വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നത്. മുഴുവൻ ടാപ്പുകളും പ്രവർത്തനക്ഷമമാണോ എന്ന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുള്ളതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം.22/26.05.2022-ന് ലഭിച്ച മറുപടിയിൽ പദ്ധതി റിവൈസ് ചെയ്തപ്പോൾ സാഖ്യയിൽ രേഖപ്പെടുത്തിയ അപാകത മൂലമാണ് പദ്ധതി വകയിരുത്തൽ ഉൾപ്പെടാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്. വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള കുടിശ്ശിക ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച വിശദാംശം ലഭ്യമാക്കേണ്ടതാണ്.

1-26 വൈദ്യുത ലൈൻ സ്ഥാപിക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

പ്രോജക്ട് നം	SO167/21
പ്രോജക്ടിന്റെ പേര്	പാലവിള പുളിവേലിക്കോണം ഭാഗത്ത് സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ
നിർവഹണം	സെക്രട്ടറി
അടങ്കൽ	100000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്	75030/-
ബിൽ നം	406/ 03-03-2021

മേൽ പ്രോജക്ട് പ്രകാരം കെ.എസ്.ഇ.ബി-യിൽ നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.27/27.05.2022-ന് ലഭിച്ച മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-27 ഭവന പുനരുദ്ധാരണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ.

ക്രമ നം	1	2	3
പ്രോജക്ട് നം	SO220/21	SO023/21	SO028/21
പ്രോജക്ടിന്റെ പേര്	ഭവന പുനരുദ്ധാരണം - ജനറൽ	ഭവന പുനരുദ്ധാരണം - ജനറൽ	ഭവന പുനരുദ്ധാരണം - എസ്.സി.പി
നിർവഹണം	വി.ഇ.ഒ സർക്കിൾ 1	വി.ഇ.ഒ സർക്കിൾ 1	വി.ഇ.ഒ സർക്കിൾ 2
അടങ്കൽ	850000	1100000	4400000
ചെലവ്	775000	775000	2500000

വാസയോഗ്യമല്ലാത്ത ഭവനത്തിൽ താമസിക്കുന്ന ഗ്രാമപഞ്ചായത്തിലെ കുടുംബങ്ങൾക്ക് വീട്

വാസയോഗ്യമാക്കുന്നതിന് ധനസഹായം നൽകുന്നതിനാണ് മേൽ പദ്ധതികൾ വിഭാവനം ചെയ്തത്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖ ഖ.6.7.6 പ്രകാരം വീട് മെയിന്റനൻസ് പ്രോജക്ടിന്റെ എസ്റ്റിമേറ്റ് കെട്ടിട ഉടമ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. കൂടാതെ അറുപത് ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് അധിക മുറി നിർമ്മാണം അനുവദനീയമല്ല. എന്നാൽ പദ്ധതിയുടെ ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല (ഇന വിവരങ്ങൾ മാത്രം ഹാജരാക്കി). കൂടാതെ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ കെട്ടിട ഉടമസ്ഥ സാക്ഷ്യപത്രത്തിൽ കെട്ടിടത്തിന്റെ വിസ്തീർണം രേഖപ്പെടുത്തിയിട്ടില്ല. രേഖകൾ ലഭ്യമല്ലാത്തതിനാൽ സബ്സിഡി മാർഗരേഖ പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2)സബ്സിഡി മാർഗരേഖ പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമാണ് പദ്ധതി ആനുകൂല്യം നൽകേണ്ടത്. എന്നാൽ ക്രമ നം.3 പ്രകാരമുള്ള പ്രോജക്ടിൽ താഴെപ്പറയുന്ന ഗുണഭോക്താവിന് മേൽ മാനദണ്ഡം പാലിക്കാതെ തുക അനുവദിച്ചു നൽകി.

കെട്ടിട നം	ഗുണഭോക്താവ്	അപാകത
13/157 B	ഗിരിജ, പാറകെട്ടിൽ വീട്, നാവായിക്കുളം	കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചത് 2019 രണ്ടാം അർദ്ധ വർഷം മുതലാണ്. ആയതിനാൽ കെട്ടിടത്തിന്റെ കാലപ്പഴക്കം 2 വർഷത്തിൽ കുറവാണ്.

3)വീട് മെയിന്റനൻസ് പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി എൻജിനീയർ പരിശോധിച്ച് മൂല്യനിർണയം നടത്തിയ ശേഷമാണ് മേൽ പദ്ധതി പ്രകാരം അവസാന ഗഡു നൽകേണ്ടത് എന്ന് സബ്സിഡി രേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ക്രമ നം.3 പ്രകാരമുള്ള പ്രോജക്ടിൽ വിവിധ ഗുണഭോക്താക്കൾക്ക് അവസാന ഗഡു തുക നൽകിയ ശേഷമാണ് മൂല്യ നിർണയം നടത്തിയത്. ഉദാഹരണങ്ങൾ ചുവടെ.

ക്രമം	ഗുണഭോക്താവിന്റെ പേര്	അവസാന ഗഡു നൽകിയ തീയതി	മൂല്യ നിർണയം നടത്തിയ തീയതി
1	ശോഭ, സോജ ഭവൻ	06.03.2021	20.03.2021
2	രാജി, ആര്യ ഭവൻ	17.03.2021	20.03.2021
3	ശോഭന , സുധീഷ് ഭവൻ	17.03.2021	24.03.2021

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 32/27.05.2022, 36/28.05.2022 എന്നിവയ്ക്ക് ലഭ്യമായ മറുപടിയിൽ കെട്ടിടത്തിന്റെ വിസ്തീർണം പരിശോധിച്ച ശേഷമാണ് തുക അനുവദിച്ചതെന്നും അധികമുറി നിർമ്മാണം നടത്തിയിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. 13/157 B കെട്ടിടത്തിന്റെ വിവരം പഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിലെ കാലതാമസം മൂലമാണ് കാലപ്പഴക്കം സഞ്ചയയിൽ തെറ്റായി കാണപ്പെട്ടതെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ എഞ്ചിനീയറിംഗ് വിങ്ങിലെ തിരക്ക് മൂലമാണ് മൂല്യ നിർണയം നടത്തുന്നതിന് മുൻപ് തുക അനുവദിച്ചത് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-28 ന്യൂലൈഫ് ഭവന പദ്ധതി - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതാണ്.

പ്രോജക്ട് നം	SO029/21
പ്രോജക്ടിന്റെ പേര്	ന്യൂലൈഫ് ഭവന പദ്ധതി
നിർവഹണം	വി.ഇ.ഒ സർക്കിൾ 2
അടങ്കൽ	3000000/- (1200000/- വി.ഫ, 1200000/-, ബ്ലോ.പ 600000/- ജി.പ/-)
ചെലവ്	1491622/- (1200000 വി.ഫ + 291622 ബ്ലോ.പ)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ന്യൂ ലൈഫ്- സമഗ്രകോളനി നവീകരണം. 2020-21 വർഷം ഭവന പുനരുദ്ധാരണത്തിനായി വിവിധ ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകുല്യം അനുവദിച്ചിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)പ്രോജക്ട് മാർഗരേഖ പ്രകാരം വീട് മെയിന്റനൻസിനുള്ള തുകയായ 2 ലക്ഷം രൂപ 4 ഗഡുക്കളായി നൽകേണ്ടതും ഗുണഭോക്താവ് ഗ്രാമപഞ്ചായത്തുമായി കരാർ ചമയ്ക്കുമ്പോൾ ആദ്യ ഗഡു തുകയായ 40,000/-രൂപ അനുവദിക്കേണ്ടതുമാണ്. എന്നാൽ മേൽ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ആദ്യ ഗഡുവായി 1,00,000/-രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

2)പ്രോജക്ട് മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കൾക്ക് അവസാന ഗഡു നൽകിയ ശേഷം മെയിന്റനൻസ് പൂർത്തീകരിച്ച വീടുകളുടെ ഫോട്ടോ തയ്യാറാക്കി ഫയലിൽ സൂക്ഷിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഫയലിൽ വീടുകളുടെ ഫോട്ടോ സൂക്ഷിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 37/28.05.2022-ന് ലഭിച്ച മറുപടിയിൽ നിലവിലെ സാഹചര്യത്തിൽ പകുതി പദ്ധതി തുക അനുവദിച്ചാൽ മാത്രമേ വീട് പണി ആരംഭിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാലാണ് അധിക തുക നൽകിയതെന്നും പൂർത്തീകരിച്ച വീടിന്റെ ഫോട്ടോ ഫയലിൽ സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതും, ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-29 കിണർ റീചാർജ്ജിംഗ് - വരുമാന പരിധി പരിശോധിക്കാതെ സബ്സിഡി അനുവദിച്ചു -രേഖകളുടെ അഭാവത്തിൽ 1,29,600/-രൂപ തടസപ്പെടുത്തുന്നു.

പ്രോജക്ട് നം	SO189/21
പ്രോജക്ടിന്റെ പേര്	കിണർ റീചാർജ്ജിംഗ്
നിർവഹണം	വി.ഇ.ഒ(സർക്കിൾ 2)
അടങ്കൽ	400000/- (180000/- വി.ഫ. + 72000/- ബ്ലോ.പ + 108000/- ജി.പ + 40000/- ഗു.വി)
ചെലവ്	129600/- (വികസനഫണ്ട്)
ബിൽ നം	27/11.04.2020

1)മേൽ പദ്ധതി പ്രകാരം കിണർ റീചാർജ്ജിംഗ് നടപ്പാക്കുന്നതിനായി ഗുണഭോക്താക്കൾക്ക് 7200/-രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖ ഖ.6.5 പ്രകാരം പൊതുവിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് വാർഷിക വരുമാന പരിധി 2 ലക്ഷവും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണോഭോക്താക്കൾക്ക് 3 ലക്ഷവും എന്നതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി തുക അനുവദിക്കേണ്ടത്. എന്നാൽ മേൽ പദ്ധതിയുടെ അപേക്ഷയിൽ ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റോ മറ്റ് വരുമാന രേഖകളോ സൂക്ഷിച്ചിട്ടില്ല. കൂടാതെ നിർവഹണ ഉദ്യോഗസ്ഥൻ വരുമാന പരിധി പരിശോധിച്ച്

സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഉദാ- **1)** ശ്രീമതി ഉഷാകുമാരി, ശ്രീമതി.സയൂജ എന്നിവരുടെ വരുമാന സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല.

2)പദ്ധതി ഗുണഭോക്താവായ ശ്രീമതി.ജയശ്രീ, വൈഷ്ണവം (പൊതുവിഭാഗം) എന്ന വ്യക്തിയുടെ റേഷൻകാർഡ് പ്രകാരം ടിയാരിയുടെ വാർഷിക വരുമാനം 3,36,000/- രൂപയാണ് (28000*12).

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 38/28.05.2022-ന് ലഭിച്ച മറുപടിയിൽ വരുമാന പരിധി പരിശോധിക്കാതെ എല്ലാ ഗുണഭോക്താക്കൾക്കും കിണർ റീചാർജ്ജ് സൗകര്യം ലഭ്യമാക്കിയാൽ മാത്രമേ പദ്ധതി ഫലപ്രാപ്തിയിൽ എത്തുകയുള്ളു എന്നതിലാണ് പദ്ധതി ഇപ്രകാരം നടപ്പാക്കിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. വരുമാന രേഖകളുടെ അഭാവത്തിൽ 1,29,600/-രൂപ തടസപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കേണ്ടതും സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതുമാണ്.

1-30 അങ്കണവാടി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങളിൽ ചുവടെ ചേർക്കുന്ന അപര്യാപ്തതകളുണ്ട്. 02.06.2017-ലെ സർക്കാർ ഉത്തരവ് നം. 1830/2017/ തസ്വഭവ ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 എന്നിവ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങൾ അങ്കണവാടികളിൽ ഒരുക്കേണ്ടതാണ്. മേൽ ഉത്തരവിന്റെ ഖണ്ഡിക 4.2.1. പ്രകാരം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതികളുടെ നിർവ്വഹണം, അങ്കണവാടികളുടെ പ്രവർത്തനം എന്നിവ മോണിറ്റർ ചെയ്യുകയും ഭാവിയിലെ വികസനത്തിനായി പദ്ധതികൾ തയ്യാറാക്കുകയും അങ്കണവാടികളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുകയും ചെയ്യണം.

ക്രമ നമ്പർ	ഇനം	അങ്കണവാടികളുടെ എണ്ണം
1	സ്വന്തമായി കെട്ടിടം ഇല്ലാത്തവ	12
2	വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	12
3	ചുറ്റുമതിൽ ഇല്ലാത്തവ	3
4	ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ	41
5	റോഡിന് സമീപത്ത് അല്ലാത്തവ	1
6	കളിസ്ഥലം ഇല്ലാത്തവ	-
7	മൂന്നു മുറിയെങ്കിലും ഇല്ലാത്തവ	1
8	ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ	41
9	ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ	15
10	സൂപ്പർവൈസറുടെ ഫോൺ നമ്പറോടു കൂടിയ നെയിം ബോർഡില്ലാത്തവ	-
11	ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ	41

12	ഫയൽ റാക്ക് ഇല്ലാത്തവ	-
13	പരാതിപ്പെട്ടി ഇല്ലാത്തവ	-
14	വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ	26

02.06.2017-ലെ സർക്കാർ ഉത്തരവ് നം.1830/2017/തസ്വഭവ ഖണ്ഡിക 3.3.3.I പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവൽകരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. ഓഡിറ്റ് എൻകയറി നം.42-നുള്ള മറുപടിയിൽ പ്രസ്തുത കമ്മിറ്റിയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. കമ്മിറ്റി രൂപീകരിക്കാനും കൃത്യമായി യോഗം ചേർന്ന് അങ്കണവാടി പ്രവർത്തനം മെച്ചപ്പെടുത്താനും ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

1-31 വയോജനങ്ങൾക്ക് ആയൂർവേദ മരുന്ന് വിതരണം - കരാർ ലംഘനം - പ്രകാരമുള്ള കാലയളവിനു ശേഷം മരുന്ന് ലഭ്യമാക്കുന്നു.

പദ്ധതി നമ്പർ : 06
പദ്ധതിയുടെ പേര് : ആയൂർവേദ മരുന്ന് വാങ്ങൽ
അടങ്കൽ തുക : 10,00,000/-
ചെലവ്തുക : 10,00,000/-
ഫണ്ടിനം : മെയിന്റനൻസ് ഫണ്ട്
ബിൽ നമ്പർ, തീയതി: 61/27-05-2020, 10,00,000/-
നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

മരുന്നുകളുടെ 10,00,000/-രൂപ 27.05.2020-ൽ നൽകിയെങ്കിലും ചുവടെ ചേർക്കും പ്രകാരമാണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്.

ബിൽ നമ്പർ	തീയതി	തുക	മരുന്നുകൾ ലഭ്യമായ തീയതി
90167152	29.06.2020	2,16,165	02.07.2020
90174962	07.08.2020	9,365	07.08.2020
90173479	30.07.2020	5,41,070	24.08.2020
90177884	28.08.2020	1,51,671	28.09.2020
90181510	09.10.2020	31,328	09.10.2020
90185159	28.10.2020	3,745	18.11.200
90189040	27.11.2020	14,554	17.12.2020
90192611	26.12.2020	12,863	13.01.2021
90192259	23.12.2020	16,741	13.01.2021
90205180	30.03.2021	2,249	22.04.2021
90221568	26.08.2021	250	30.08.2021
		10,00,001/-	

നിർവ്വഹ ഉദ്യോഗസ്ഥനും ഔഷധിയുമായി 19.08.2020-ൽ ഏർപ്പെട്ട കരാറിന്റെ ഒന്നാമത്തെ നിബന്ധന പ്രകാരം വില നൽകി 60 ദിവസത്തിനകം പൂർണ്ണമായും വിതരണം ചെയ്യുമെന്നും അല്ലാത്തപക്ഷം തുകയുടെ നഷ്ടോത്തരവാദിത്തം ഔഷധി വഹിക്കുമെന്നുമാണ്.

മരുന്ന് വിതരണത്തിൽ താമസം വരുത്തിയത് കരാർ ലംഘനമാണ്. അവശ്യ സേവനമായ ആതുര ശുശ്രൂഷാരംഗത്ത് സാധാരണക്കാരന് സേവനം കൃത്യസമയം ലഭ്യമാകുന്നുവെന്ന് നിർവ്വണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

1-32 കുറ്റി കുരുമുളക് വാങ്ങിയത് - സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഇല്ല.

A.
പദ്ധതി നമ്പർ: 10
പദ്ധതിയുടെ പേര്: കുറ്റി കുരുമുളക്
അടങ്കൽ തുക: 2,00,250/-
ചെലവ് തുക: 1,20,000/-

മേൽ പദ്ധതിയിൽ ഇൻവോയ്സ് നമ്പർ X-38/20-21, തീയതി 19.06.2020 പ്രകാരം കെയ്കോയിൽ നിന്നും 1,20,000/-രൂപയ്ക്ക് കുറ്റിമുളക് വാങ്ങിയത് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഇല്ല. അപേക്ഷകളിൽ കൃഷി സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷൻ പദ്ധതിയുടെ ആനുകൂല്യം ലഭിക്കാൻ അർഹനാണെന്ന കൃഷി ഓഫീസറുടെ ശുപാർശ അപേക്ഷകളിൽ ഇല്ല.

B.
പദ്ധതി നമ്പർ : 2
പദ്ധതിയുടെ പേര് : വാഴ കൃഷി
അടങ്കൽ തുക : 1,34,040/-
ചെലവ് തുക : 1,28,454/-

അപേക്ഷകളിൽ കൃഷി സ്ഥലം സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിവരങ്ങളുടെ അഭാവത്തിൽ കൃഷി ഓഫീസർ അപേക്ഷകൾ ശുപാർശ ചെയ്യുന്നു.

C.
പദ്ധതി നമ്പർ : 15
പദ്ധതിയുടെ പേര് : ജീവനി പച്ചക്കറി കൃഷി
അടങ്കൽ തുക : 1,20,000/-
ചെലവ് തുക : 1,20,000/-

മേൽ പദ്ധതിയിൽ അഗ്രോ സർവീസ് സെന്ററിൽ നിന്നും 2/2020, തീയതി 12.06.2020 പ്രകാരം 48,000/- രൂപ ഹൈബ്രിഡ് പച്ചക്കറിതൈകൾ വാങ്ങി സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

D.
പദ്ധതി നമ്പർ : 235
പദ്ധതിയുടെ പേര് : സമ്പൂർണ്ണ പച്ചക്കറി ഗ്രാമം
അടങ്കൽ തുക : 49,500/-
ചെലവ് തുക :49,500/-
ഫണ്ടിനം : തനത് ഫണ്ട്

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ Q - 102/2020-' 21, തീയതി 02.07.2020 പ്രകാരം 49,500/- രൂപയ്ക്ക് പച്ചക്കറികൾ വാങ്ങിയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പച്ചക്കറികൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതും വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

1-33 തെരുവ് നായ്ക്കളുടെ വർദ്ധനവ് തടയൽ - ധനവിനിയോഗ സാക്ഷ്യപത്രം ഇല്ല.

പദ്ധതി നമ്പർ : 19
പദ്ധതിയുടെ പേര് : തെരുവ് നായ്ക്കളുടെ വർദ്ധനവ് തടയൽ
അടങ്കൽ തുക : 2,10,000/-
ചെലവ് തുക : 2,10,000/-
ഫണ്ടിനം : വികസന ഫണ്ട്

തെരുവ് നായ്ക്കളുടെ വർദ്ധനവ് തടയുന്നതിനായുള്ള എ.ബി.സി പ്രോഗ്രാമിന്റെ ഭാഗമായി 2,10,000/-രൂപ ജില്ലാ കുടുംബശ്രീ മിഷന് കൈമാറിയിട്ടുണ്ട്. നായ്ക്കളെ പിടിക്കുന്നത്, സർജറി, തുടർ മരുന്നുകൾ, ഭക്ഷണം എന്നിവയെല്ലാം ചേർന്ന തുകയാണ്. എന്നാൽ തുക

ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. മേൽ പദ്ധതിയിൽ ജില്ലാ കുടുംബശ്രീ മിഷന് കൈമാറിയ തുക പൂർണ്ണമായും ചെലവഴിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ഇല്ല.തുകയുടെ വിശദാംശങ്ങളും ധനവിനിയോഗസാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

വിഹിതം നൽകിയ സ്ഥാപനം	വർഷം	മുന്നിരിപ്പ്	തൻ വർഷം ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	2020-21	0	552500	കേദാരം സമഗ്ര നെൽകൃഷി വികസനം So188/21	552500	
		0	1062500	കേദാരം സമഗ്ര നെൽകൃഷി വികസനം 3/21	1062500	0
		0	498750	സ്നേഹ സ്പർശം (44/21)	498750	0
		0	5000000	ലൈഫ് ഭവന പദ്ധതി (എസ്. സി. പി) 302/21	5000000	
		2000000	0	ലൈഫ് ഭവന പദ്ധതി - ജനറൽ; 221/21	2000000	
		4000000	0	ലൈഫ് ഭവന പദ്ധതി (എസ്. സി. പി)222/21	4000000	
		0	250000	ലൈഫ് ഭവന പദ്ധതി (എസ്. സി. പി)25/21	250000	
			250000	ലൈഫ് ഭവന പദ്ധതി - ജനറൽ 24/21	250000	
		0	291622	ന്യൂലൈഫ് പദ്ധതി -ജനറൽ 29/21	291622	0
		0	474998	ക്ഷീര സമൃദ്ധി - വനിത 18/21	474998	0
		0	200000	ക്ഷീര സമൃദ്ധി- ജനറൽ 20/21	200000	0

		0	20000	കുടുംബശ്രീ-ജനകീയ ഹോട്ടൽ	0	20000
		1230948	0	മറ്റ് വരവുകൾ	0	1230948
ആകെ		**7230948**	**8600370**		**14580370**	**1250948**
ജില്ലാ പഞ്ചായത്ത്	2020-21	0	552500	കേദാരം (സമഗ്ര നെൽകൃഷി) So	552500	0
		0	133000	ഹരിത ഭവനം	133000	0
		0	510000	കേദാരം സമഗ്രനെൽകൃഷി	510000	0
		0	4800000	ലൈഫ് ഭവന പദ്ധതി (എസ്. സി. പി) 302/21	4800000	0
		0	150000	ലൈഫ് ഭവന പദ്ധതി-(എസ്. സി. പി)25/21	150000	0
		0	8569	ക്ഷീര സമൃദ്ധി (ജനറൽ) 179/21	8569	0
		0	590000	ക്ഷീര സമൃദ്ധി (വനിത) 178/21	590000	0
		0	264505	ക്ഷീര സമൃദ്ധി (വനിത) 18/21	264505	0
		0	200000	ക്ഷീര സമൃദ്ധി (ജനറൽ) 20/21	200000	0
ആകെ		**1,77,196/-**	**72,08,574/-**		**72,08,574/-**	**1,77,196/-**

4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ.

നിർവഹണ ഏജൻസി	മുൻ ബാക്കി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ബാക്കി തുക	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത്	നീക്കിയിരിപ്പ് തുക
		2020-21					
കെ.എസ്.ഇ.ബി	1555993	പാലവിള-പുലിവേലിക്കോണം ഭാഗത്ത് സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ	75030	-	-	-	1631023
കേരള വാട്ടർ അതോറിറ്റി	2394278	-	0	-	-	-	2394278
ഭൂജല വകുപ്പ്	3024712	പട്ടിക ജാതി കോളനികളിൽ കുടിവെള്ള പദ്ധതി	4893255	-	-	-	7917967
പൊതു മരാമത്ത് വകുപ്പ്.	1740000	-	0	-	-	0	1740000

	2019-20 B-18, ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ്	2020-21 വർഷത്തെ നിക്ഷേപം RP-47	ആകെ	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത്	നീക്കിയിരിപ്പ്	2020-21 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്
കെ.എസ്.ഇ.ബി	1555993	75030	1631023	-	-	1631023

കേരള വാട്ടർ അതോറിറ്റി	2394278	0	2394278	-	-	2394278
ഭൂജല വകുപ്പ്	3024712	4893255	7917967	-	-	7917967
പൊതു മരാമത്ത് വകുപ്പ്.	1740000	0	1740000			1740000

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

4-4 വായ്പ/വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം ചുവടെ ചേർക്കുന്നു.

വായ്പ വിവരം	ഉത്തരവ്/ നമ്പർ/ തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച തുക	തൻവർഷം തിരിച്ചടച്ച തുക	തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
HUDCO	സ.ഉ.(കൈ)68/2018/ തസ്വഭവ, തീ.18.05.2018	36611662	6405032	4612823	38403871

4-5 സ്ഥിര നിക്ഷേപങ്ങൾ

എഫ്. ഡി നം.	ബാങ്ക്	തുക
37193	തിരുവനന്തപുരം ജില്ലാ കോ- ഓപ്പറേറ്റീവ് ബാങ്ക്, കല്ലമ്പലം ശാഖ	345022

4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ.

ഇല്ല.

4-8 ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം.

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	69439635
ഓഡിറ്റ് വർഷത്തെ വരവ്	118098917
ആകെ	187538552
ഓഡിറ്റ് വർഷത്തെ ചെലവ്	176414345
നീക്കിയിരിപ്പ്	11124207
വരവിനങ്ങളിലുള്ള നഷ്ടം	-

ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	790211

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-20	139800	ശ്രീ ഷിബു, വി ഇ ഒ II
1-21	332111	ശ്രീ.ബെൽജിത്ത് ജീവൻ, സെക്രട്ടറി
1-22	188700	
1-29	129600	ശ്രീ.ഷിബു, വി.ഇ.ഒ-II

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
ഇല്ല		

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.ഷിബു.എ	വി.ഇ.ഒ	മാഹിൻ മൻസിൽ, എഴിപ്പുറം, പാരിപ്പള്ളി പി.ഒ
ശ്രീ.ബെൽജിത്ത് ജീവൻ	സെക്രട്ടറി	ദേവി പ്രസാദം, കൊടുവഴന്നൂർ പി.ഒ

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2000-01	കെ.എസ്.എ.റ്റി.വി.എം/ജി.പി9/1193/2018	1 [3-2(1)]
2003-04	കെ.എസ്.എ.റ്റി.വി.എം/ജി.പി9/1193/2018	1 (2-3)

2005-06	കെ.എസ്.എ.റ്റി.വി.എം/ജി.പി9/ 1193/2018	7 (2-3,2-4,3-2,3-3,3-5,3-6,3-8)
2006-07	കെ.എസ്.എ.റ്റി.വി.എം/ജി.പി9/ 1193/2018	3 (2-2, 3-2, 3-15)
2007-08	കെ.എസ്.എ.റ്റി.വി.എം/ജി.പി9/871/2018, തീയതി 04.06.2018	6 (2-2,3-6,3-7,3-8,3-9,3-10)
2008-09	കെ.എസ്.എ.റ്റി.വി.എം/ജി.പി9/871/2018, തീയതി 04.06.2018	3 (3-1,3-3,3-7)
2009-10	കെ.എസ്.എ.റ്റി.വി.എം/ജി.പി9/871/2018, തീയതി 04.06.2018	7 (3-3,3-4,3-5,3-6,3-7,3-9,3-10)
2010-11	കെ.എസ്.എ.റ്റി.വി.എം/ജി.പി9/871/2018, തീയതി 04.06.2018	5 (2-1(എ,ബി,സി), 3-2, 3-3, 3-4, 3-5)
2011-12	എൽ.എഫ്.റ്റി.ജി.ജി.പി.9/891/15, 09.10.15	7
2012-13	എൽ.എഫ്.റ്റി.ജി.ജി.പി.9/534/14, 14.01.15	8
2013-14	എൽ.എഫ്.റ്റി.ജി.ജി.പി.9/534/14, 14.01.15	8
2014-15	കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1352/15, തീയതി 19.10.15	21
2015-16	കെ.എസ്.എ.റ്റി.വി.എം.ജി.പി.9/2067/16, തീയതി 02.12.16	25
2016-17	കെ.എസ്.എ.റ്റി.വി.എം.ജി.പി.9/2035/17, തീയതി 20.10.17	23
2017-18	കെ.എസ്.എ.റ്റി.വി.എം.ജി.പി.9/498/19, തീയതി 01.10.19	19
2018-19	കെ.എസ്.എ.റ്റി.വി.എം.ജി.പി.9/9/403/2020, തീയതി 03.06.2020	40

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്